VOL NO: 07 I ISSUE 04
www.nerpatham.com
mail@nerpatham.com
2023 JANUARY 28 I ₹10

# നേർപഥം
വാരിക

# ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര

വലിയ്യായും മുഹദ്ദസായും മുജദ്ദിദായും മഹ്ദിയായും മസീഹായും ദ്വില്ലി, ബുറൂസി, മജാസി നബിമാരായും തരാതരം അവകാശപ്പെട്ട് ഒടുക്കം പ്രവാചകത്വം തന്നെയും വാദിച്ച് രംഗത്ത് വന്ന വ്യക്തിയാണ് പത്തൊമ്പതാം ശതകത്തിൽ ജീവിച്ചിരുന്ന മിർസാ ഗുലാം അഹ്മദ് ഖാദിയാനി. അല്ലാഹുവിങ്കൽ നിന്നെന്ന് പറഞ്ഞ് അദ്ദേഹം 1880 മുതൽ അറബി, ഉർദു, പേർഷ്യൻ, ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിച്ച 'വഹ്‌യു'കളുടെയും 'ദർശന'ങ്ങളുടെയും അവതരണക്രമത്തിലുള്ള ക്രോഡീകരണമാണ് 'തദ്കിറ.' കാലവും സാഹചര്യവുമനുസരിച്ച് വിസ്മൃതിയിലേക്ക് തള്ളിവിട്ട ഖാദിയാനികളുടെ വേദഗ്രന്ഥമായ തദ്കിറ കണ്ടെത്തി നിരൂപണം നടത്തുന്നു; ഈ ലക്കം മുതൽ.




## അദൃശ്യജ്ഞാനവും ഖലീഫമാരും ജിഫ്രി തങ്ങളുടെ ഹദീസ് ദുർവ്യാഖ്യാനവും

- || ആരോഗ്യവും ഒഴിവുസമയവും
- || ദിക്ർ: പ്രാധാന്യവും മഹത്ത്വവും
- || ഇസ്‌ലാം: പ്രബോധനം, പ്രസ്ഥാനം ചില സമകാലിക ചിന്തകൾ

2023 ജനുവരി 21
1444 ജുമാദുൽ ഉഖ്റാ 27
പുസ്തകം 07 / ലക്കം 03


സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്



Enrol Now!

GreenHome
RESIDENTIAL CAMPUS

**സവിശേഷ പഠന മേഖലകൾ:**

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

For Boys Grade 5 to 8
For Girls Grade 6 & 7

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0314

# നേർപഥം

വാരിക

2023 ജനുവരി 28
1444 റജബ് 5
പുസ്തകം 07 / ലക്കം 04




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി 10
ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

05 മുഖമൊഴി
'ഇത് കേരളമോ?'

06 ലേഖനം
അദൃശ്യജ്ഞാനവും ഖലീഫമാരും ജിഫ്രി തങ്ങളുടെ ഹദീസ് ദുർവ്യാഖ്യാനവും
മൂസ സ്വലാഹി കാര

08 ബാലപഥം
പൊഴിയുന്ന പുണ്യങ്ങൾ
ഷാസിയ നസ്‌ലി
വിവ: ഇബ്നുഅലി എടത്തനാട്ടുകര

17 പാചകപഥം
പാവയ്ക്കാ തോരൻ
സലീന ബിൻത് മുഹമ്മദലി

18 ലേഖനം
ഇസ്‌ലാം: പ്രബോധനം,പ്രസ്ഥാനം ചില സമകാലിക ചിന്തകൾ
ടി.കെ.അശ്റഫ് / ഉസ്മാൻ പാലക്കാഴി

22 ലേഖനം
ദിക്ർ: പ്രാധാന്യവും മഹത്ത്വവും
ശമീർ മദീനി

25 ഹദീസ് പാഠം
ആരോഗ്യവും ഒഴിവുസമയവും
അമീൻ ഇബ്നു അഹ്മദ് കബീർ

26 ലേഖനം
ചീറ്റിപ്പോയ എക്സ്ട്രീം എക്സാമ്പിൾ
സുഫ്‌യാൻ അബ്ദുസ്സലാം

30 ക്വുർആൻ ദർശനം
സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

32 നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

34 ആരോഗ്യപഥം
അഡിനോയിഡ് ഹൈപെർട്രോഫി
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി



# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും പോഷക ഘടകങ്ങൾക്കും പുതിയ സാരഥികൾ

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും പോഷക ഘടകങ്ങൾക്കും 2023-2026 വർഷത്തേക്കുള്ള പുതിയ നേതൃത്വം നിലവിൽ വന്നു. എല്ലാ ഘടകങ്ങളുടെയും സംസ്ഥാന കൗൺസിൽ യോഗത്തിൽവെച്ചാണ് പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തത്.

**ലജ്നത്തുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ**

- ചെയർമാൻ: കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ. വൈസ് ചെയർമാൻമാർ: ഹുസൈൻ സലഫി, അബൂബക്കർ സലഫി.
- കൺവീനർ: ശമീർ മദീനി. ജോ. കൺവീനർമാർ: ഹംസ മദീനി, ശബിബ് സ്വലാഹി.

**വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ**

- പ്രസിഡന്റ്: പി. എൻ അബ്ദുല്ലത്വീഫ്മദനി. വൈസ് പ്രസിഡന്റുമാർ: കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ശരീഫ് ഏലാങ്കോട്.
- ജനറൽ സെക്രട്ടറി: ടി.കെ അശ്റഫ്. സെക്രട്ടറിമാർ: നാസിർ ബാലുശ്ശേരി, ഹാരിസ്ബിൻ സലീം, സി. പി സലീം, ഫൈസൽ മൗലവി, അബ്ദുൽ മാലിക് സലഫി. ട്രഷറർ: കെ. സജ്ജാദ്.

**വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ**

- പ്രസിഡന്റ്: കെ. താജുദ്ദീൻ സ്വലാഹി. വൈസ് പ്രസിഡന്റുമാർ: ഹാരിസ് കായക്കൊടി, ഫദ്‌ലു റഹ്മാൻ, ഡോ. പി.പി നസീഫ്, ബഷീർ വി.പി, മുസ്തഫ മദനി.
- ജനറൽ സെക്രട്ടറി: ടി.കെ നിഷാദ് സലഫി. ജോയിന്റ് സെക്രട്ടറിമാർ: യു. മുഹമ്മദ് മദനി, ജംഷീർ സ്വലാഹി, ഫിറോസ് ഖാൻ സ്വലാഹി, മുഹമ്മദ് ഷബീർ കണ്ണൂർ. ഡോ. അബ്ദുൽ മാലിക്, അബ്ദുല്ല അൻസാരി, ഷിനാജുദ്ദീൻ. ട്രഷറർ: അൻഫസ് മുക്റം.

**വിസ്ഡം സ്റ്റുഡൻസ് ഓർഗനൈസേഷൻ**

- പ്രസിഡന്റ്: അർഷദ് അൽ ഹികമി താനൂർ. വൈസ് പ്രസിഡന്റുമാർ: ഡോ. ഷഹ്ബാസ് കെ അബ്ബാസ്, സ്വഫ്‌വാൻ ബറാമി അൽഹികമി, ഡോ. അബ്ദുല്ല ബാസിൽ സി.പി, ഫസീഹ് പി.ഒ.
- ജനറൽ സെക്രട്ടറി: മുഹമ്മദ് ശമീൽ. സെക്രട്ടറിമാർ: അസ്ഹർ ചാലിശ്ശേരി, അബ്ദുൽ മാജിദ് ചുങ്കത്തറ, ജസീൽ മദനി കൊടിയത്തൂർ, മുജാഹിദ് അൽഹികമി പറവണ്ണ, കാബിൽ സി.വി കോഴിക്കോട്, ഖാലിദ് മങ്കട, ഷാമിൽ എടവണ്ണപ്പാറ. ട്രഷറർ: ശബീബ് മഞ്ചേരി.

# ‘ഇത് കേരളമോ?’

‘ഇത് കേരളമോ’ എന്ന തലക്കെട്ടിൽ ഏതാനും ദിവസം മുമ്പ് ഒരു പ്രമുഖ ദിനപത്രത്തിൽ പ്രാധാന്യത്തോടെ ഒരു വാർത്ത വന്നിരുന്നു. സ്വത്ത് തട്ടിയെടുക്കാൻ എഴുപത്തിയഞ്ചുകാരിയായ വയോധികയെ ഭക്ഷണം പോലും നൽകാതെ, മരണപ്പെട്ട സഹോദരന്റെ ഭാര്യയും മകളും ചേർന്ന് തൊഴുത്തിൽ ചങ്ങലക്കിട്ട് ക്രൂരമായി പീഡിപ്പിച്ചതാണ് സംഭവം. ഇവരുടെ പേരിലുള്ള 10 സെന്റ് സ്ഥലം വിട്ടുകൊടുക്കാൻ നിർബന്ധിച്ചായിരുന്നത്രെ മർദനം. ഇവരെ വീടിനു പുറത്ത് കാണാതായതോടെ ചിലർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പൊലീസ് എത്തി പരിശോധിച്ചപ്പോഴാണ് ഞെട്ടിക്കുന്ന സംഭവം പുറംലോകമറിഞ്ഞത്. ചങ്ങലയിൽ കുരുങ്ങി കാൽവിരലുകൾ പഴുത്ത നിലയിലായ സ്ത്രീയെ പ്രാഥമിക ചികിത്സ നൽകി അനാഥമന്ദിരത്തിലേക്ക് മാറ്റിയിരിക്കുകയാണ്.

സ്വത്തിനോടുള്ള അത്യാർത്തിമൂലം മനുഷ്യർ ചെയ്തുകൂട്ടുന്ന അക്രമങ്ങളുടെയും ക്രൂരതയുടെയും വാർത്തകളിൽ ഒന്നുമാത്രമാണിത്. ഇതുപോലെ നിത്യേന എത്രയെത്ര സംഭവങ്ങൾ നടക്കുന്നുണ്ടാകണം. പിതാവ് മകനെയും മകൻ പിതാവിനെയും സമ്പത്തിന്റെ പേരിലുള്ള തർക്കത്തിൽ അതിക്രൂരമായി കൊല ചെയ്ത സംഭവവും നാം കേട്ടിട്ടുണ്ട്. വിശുദ്ധ ക്വുർആൻ പറഞ്ഞത് എത്ര ശരി:

“തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനാകുന്നു’’ (100:8).

‘സമ്പത്തും സന്താനങ്ങളും ഐഹിക ജീവിത്തിന്റെ അലങ്കാരങ്ങളാണ്’ എന്നാണ് വിശുദ്ധ ക്വുർആൻ അറിയിക്കുന്നത്. പ്രത്യക്ഷമായി മതനിഷ്ഠയുള്ളവരായി ജീവിക്കുന്നവർ എന്ന് നാം മനസ്സിലാക്കുന്നവരിൽ ചിലരെങ്കിലും സാമ്പത്തിക രംഗത്ത് വിശുദ്ധി പാലിക്കുന്നില്ലെന്നതാണ് യാഥാർഥ്യം. അന്യന്റെ മുതൽ അപഹരിക്കുന്ന കാര്യത്തിൽ പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുന്ന ദുരന്ത വാർത്തകൾ ദിനം പ്രതി കേൾക്കാനിടവരുന്നു.

സമ്പത്തിനോടുള്ള അത്യാർത്തി മനുഷ്യനെ വലിയ അപകടങ്ങളിലേക്കും അക്രമങ്ങളിലേക്കും പരാജയങ്ങളിലേക്കും കൊണ്ടെത്തിക്കുന്നത് സ്വാഭാവികമാണ്. അതിന്റെ പേരിൽ കുടുംബവും ബന്ധുക്കളും അനുഭവിക്കുന്ന പ്രയാസങ്ങളും തീരാവേദനകളും വറ്റാത്ത കണ്ണീരായി അവശേഷിക്കുന്ന എത്രയോ സംഭവങ്ങൾ ദിനപത്രങ്ങളിലൂടെയും വാർത്താ ചാനലുകളിലൂടെയും നാം കണ്ടുകൊണ്ടിരിക്കുന്നു.

ഇസ്‌ലാം പഠിപ്പിച്ച ‘ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കുക’ എന്ന തത്ത്വം ഉൾക്കൊണ്ട് ജീവിക്കാൻ മനുഷ്യർ ശ്രമിക്കുന്നില്ല. കിടമത്സരത്തിലാണവനെപ്പോഴും. താൻ മറ്റുള്ളവരെക്കാൾ ഉയർന്നു നിൽക്കണം; എല്ലാ കാര്യത്തിലും എന്നതാണവന്റെ ചിന്ത. അതിന് ഏതു നീച മാർഗവും അവലംബിക്കാൻ മടികാണിക്കുന്നില്ല. ഒരു സത്യവിശ്വാസി ഏത് നിലയ്ക്കുള്ള ജീവിത ശൈലി സ്വീകരിക്കണമെന്ന് നബി(സ്വ) കൃത്യമായി പഠിപ്പിച്ചിട്ടുണ്ട്.

‘നിങ്ങൾ നിങ്ങളുടെ താഴെയുള്ളവരിലേക്ക് നോക്കുക. നിങ്ങൾ നിങ്ങളുടെ മുകളിലുള്ളവരിലേക്ക് നോക്കരുത്. അല്ലാഹു നിങ്ങൾക്ക് ചെയ്തു തരുന്ന അനുഗ്രഹത്തെ നിസ്സാരമായി കാണാതിരിക്കാൻ അതാണ് ഉത്തമം’ എന്നാണ് അവിടുന്ന് കൽപിച്ചിരിക്കുന്നത്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ആസ്വദിച്ച് ജീവിക്കുമ്പോൾ തന്നെ അതിന് നന്ദികാണിക്കുകയും വേണം.

ഭൗതികലോകത്തിലെ അലങ്കാരമായ സമ്പത്തിനെ അഹങ്കാരത്തിനും ദുർനടപ്പിനും വിനിയോഗിച്ച ചിലരുടെ മുൻകാല ചരിത്രങ്ങൾ വിശുദ്ധ ക്വുർആൻ പറഞ്ഞുതരുന്നുണ്ട്. ഇന്നും അത്തരക്കാരുണ്ട്; അവർ സമൂഹത്തിന് വരുത്തിവെക്കുന്ന ദോഷങ്ങൾ ചെറുതല്ല. എങ്ങനെ സമ്പാദിച്ചു, ഏതുവഴിയിൽ വിനിയോഗിച്ചു എന്ന ചോദ്യത്തിന് നാളെ പടച്ചവന്റെ കോടതിയിൽ മറുപടി പറയേണ്ടിവരുമെന്ന ചിന്ത ഒരു മുസ്‌ലിമിന് വിനഷ്ടമായിക്കൂടാ.

ലേഖനം

# അദൃശ്യജ്ഞാനവും ഖലീഫമാരും ജിഫ്രി തങ്ങളുടെ ഹദീസ് ദുർവ്യാഖ്യാനവും

മൂസ സ്വലാഹി കാര
:97473 45768

**ആത്മീയ ചൂഷണം നടക്കണമെങ്കിൽ സൃഷ്ടികൾക്ക് യഥേഷ്ടം ആദൃശ്യകാര്യങ്ങൾ അറിയാമെന്ന് സ്ഥാപിക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പെടാപാടാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളെ അല്ലാഹുവിലേക്ക് വിളിക്കാനും അല്ലാഹുവിലേക്ക് അടുപ്പിക്കാനും ഇവർക്ക് മടിയാണ്.**

ഇസ്ലാമിക ചരിത്രത്തിൽ നബി(സ്വ)യുടെ വഫാത്തിന് ശേഷം സത്യസന്ധമായി ഭരണം നിർവഹിച്ചവരാണ് നാല് ഖലീഫമാർ. ആദ്യമായി ഇസ്ലാമിലേക്ക് മുൻകടന്നവർ, ഉത്തമ തലമുറയിലെ പ്രധാനികൾ, സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടവരിൽ ആദിമർ... ഇതെല്ലാം ഇവരുടെ സവിശേഷതകളാണ്.

ഏൽപിക്കപ്പെട്ട അധികാരം മുതലെടുത്ത് മതകാര്യത്തിൽ മാറ്റം വരുത്താനോ, പ്രമാണങ്ങളെ അവഗണിക്കാനോ അവർ തുനിഞ്ഞിട്ടില്ല. കപടന്മാരും മതവിമുഖരും അക്കാലത്ത് പരസ്യമാക്കിയ വ്യതിയാന ചിന്തകളെ മുച്ചൂടും എതിർത്ത് തിളക്കമാർന്ന വിജയം കൈവരിച്ചവരായിരുന്നു അവർ.

മതവിഷയങ്ങളിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടാകുമ്പോൾ നാം സ്വീകരിക്കേണ്ട സമീപനത്തെ സംബന്ധിച്ച് നബി(സ്വ) പറഞ്ഞത് 'നിങ്ങൾ എന്റെ സുന്നത്തും സച്ചരിതരായ ഖലീഫമാരുടെ ചര്യയും മുറുകെ പിടിക്കുക, അണപ്പല്ലു കൊണ്ട് അതിനെ കടിച്ച് പിടിക്കുക' (അബൂദാവൂദ്) എന്നാണ്.

നബിചര്യയെപ്പറ്റി ഏറ്റവും അറിവുള്ളതിനാലും അതിനെ അനുധാവനം ചെയ്യുന്നതിൽ കണിശത കാണിച്ചതിനാലും എത്ര നിസ്സാരമായ അനാചാരവും ശ്രദ്ധയിൽ പെട്ടാൽ അതിനെ അടിവേരോടെ പിഴുതെറിയാൻ ശ്രമിച്ചതിനാലും അവർ ഈ ബഹുമതിക്ക് അർഹരാണ്.

ഖലീഫമാരിൽ ഓരോരുത്തർക്കുമുള്ള പ്രത്യേകതകൾ ഹദീസുകളിൽ വന്നിട്ടുണ്ട്. അഹ്ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാർ അവർക്കുള്ള മഹത്ത്വത്തെപ്പറ്റി വിശദീകരിച്ചിട്ടുമുണ്ട്. ഇതെല്ലാം അവഗണിച്ച് അവരുടെ പേരിൽ കളവ് പ്രചരിപ്പിക്കുക എന്നത് എത്ര വലിയ പാതകമാണ്!

ഖലീഫമാരിൽ ചിലരോട് കഠിന വെറുപ്പും വിദ്വേഷവും വെച്ചുപുലർത്തി, മറ്റു ചിലരെ മുന്നിൽ നിർത്തി അനിസ്ലാമികത പ്രചരിപ്പിച്ച ശിയാക്കളോട് ആശയതലത്തിൽ ഇഴുകിച്ചേർന്നവരാണല്ലോ സമസ്തക്കാർ. എം.പി മുസ്തഫൽ ഫൈസിയുടെ മേൽനോട്ടത്തിലുണ്ടായിരുന്ന 'അൽ മുബാറക്' പത്രത്തിൽ എഴുതിയത് കാണുക: "അടിസ്ഥാന വിശ്വാസമായ തൗഹീദിൽ സുന്നികളും ശിയാക്കളും യോജിക്കുന്നു" (1989 ആഗസ്റ്റ് 16/ പേജ് 5).

ശിയാക്കളുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് നിരന്തരം ഉദ്ഘോഷിക്കുന്നവരുടെ യഥാർഥ മുഖമാണിത്. ശിയാ ഇമാമുമാർക്ക് ആദൃശ്യകാര്യങ്ങൾ അറിയാൻ സാധിക്കുമെന്ന അവരുടെ അടിസ്ഥാന വിശ്വാസത്തിന് സമാനമായി നാല് ഖലീഫമാർക്കും മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയുമെന്നാണ് സമസ്ത പുരോഹിതന്മാരുടെ ജൽപനം. ഖലീഫമാരെ ആക്ഷേപിക്കുന്ന ശിയാക്കളോട് ഒത്തുപോകാൻ ഒരു മടിയുമില്ലാതെ അവരുടെ മേൽ ശുദ്ധ നുണ പറഞ്ഞ് പരത്തുകയാണ് ഇവർ.

കടപ്പുറത്ത് സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തിൽ ജിഫ്രി തങ്ങൾ നാല് ഖലീഫമാരുടെയും പേരിൽ ശിർക്ക് സ്ഥാപിക്കാൻ വേണ്ടി വായിച്ച തെളിവുകളുടെ അവസ്ഥ എന്തെന്ന് പരിശോധിക്കാം.

അബൂബക്ർ(റ) അദൃശ്യകാര്യങ്ങൾ അറിഞ്ഞിരുന്നു എന്നതിന് അദ്ദേഹം നിരത്തുന്ന തെളിവ് അബൂബക്ർ(റ) തന്റെ മരണ സന്ദർഭത്തിൽ സ്വത്തുമായി ബന്ധ

പ്പെട്ട് മകൾ ആഇശ(റ)യോട് നടത്തിയ സംസാരമാണ്. വ്യത്യസ്ത റിപ്പോർട്ടുകളിൽ വന്നിട്ടുള്ള ആ സംഭവത്തിലുള്ളതിന്റെ ചുരുക്കം ഇപ്രകാരമാണ്: 'നിശ്ചയം, ഇന്നത് രണ്ട് സഹോദരങ്ങൾക്കും സഹോദരിമാർക്കും കൂടിയുള്ള സ്വത്താണ്. അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് നിങ്ങൾ അതിനെ വീതിക്കുക.' ഒരു സഹോദരി അസ്മാഅ് ആണ്, മറ്റൊരു സഹോദരി ആരെന്ന് മഹതി ചോദിച്ചു. അബൂബക്ർ(റ) പറഞ്ഞു: 'ഖാരിജയുടെ വയറ്റിലുള്ള കുട്ടിയാണത്. അത് പെൺകുട്ടിയാണെന്ന് ഞാൻ വിചാരിക്കുന്നു' (മുവത്വ).

ഹബീബ ബിൻത് ഖാരിജതുൽ അൻസ്വാരി എന്ന ഭാര്യയിൽ തനിക്ക് ജനിക്കാൻ പോകുന്ന കുട്ടിയെപ്പറ്റി 'അത് പെൺകുട്ടിയാണെന്ന് ഞാൻ കരുതുന്നു' എന്ന് അദേഹം പറഞ്ഞതിലാണ് മുസ്‌ലിയാർ കടിച്ചുതൂങ്ങിയിട്ടുള്ളത്.

'ഞാൻ കരുതുന്നു,' 'ഞാൻ കാണുന്നു,' 'ഞാൻ സംശയിക്കുന്നു' എന്നിങ്ങനെ ഹദീസുകളിലുള്ള പദങ്ങളുടെ ശരിയായ അർഥവും ആശയവും ഗ്രഹിക്കാതെ അദൃശ്യമറിയലായി വ്യാഖ്യാനിക്കുന്നത് തങ്ങളുടെ വികലവിശ്വാസങ്ങൾക്ക് തെളിവുണ്ടാക്കുവാൻ മാത്രമാണ്.

അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ രണ്ട് നിലയ്ക്കാണ് ഇതിനെ വിശദീകരിച്ചിട്ടുള്ളത്. അബൂബക്റി(റ)ന് അല്ലാഹു നൽകിയ കറാമത്തെന്നോണം ഉണ്ടായ ദർശനമാണെന്നതാണ് ഒരഭിപ്രായം. കറാമത്തായതിനാൽ അദേഹത്തിന്റെ ഇഷ്ടപ്രകാരമോ, മരണ ശേഷമോ ഇതുണ്ടാകില്ല. എല്ലാ ഗൈബുകളും അറിയുക എന്നതും ഇതുകൊണ്ട് സാധ്യമല്ല. ഇതിന്റെ അടിസ്ഥാനത്തിൽ അബൂബക്ർ(റ) അദൃശ്യങ്ങൾ അറിയുന്ന വലിയ്യാണെന്ന വിശ്വാസം അഹ്‌ലുസ്സുന്ന വൽജമാഅക്കില്ല. അതോടൊപ്പം ശിയാക്കളും സൂഫികളും വിശ്വസിച്ച് പോരുന്ന നിരർഥക 'കശ്ഫ്' വാദവുമായും ഇതിന് ബന്ധമില്ല.

ഇമാം നവവി(റഹി) തന്റെ മജ്മൂഇൽ പറഞ്ഞതാണ് മറ്റൊരഭിപ്രായം: 'ഇത് വെറും ഊഹമാണ് അല്ലാതെ ഉറപ്പിക്കലല്ല എന്ന് റിപ്പോർട്ടിൽതന്നെ പ്രസ്താവ്യമാണ്.'

ഊഹത്തെ അദൃശ്യജ്ഞാനമറിയലായി എണ്ണുന്ന ശിയാക്കളുടെ അതേ വീക്ഷണത്തെ ശക്തിപ്പെടുത്തുക എന്ന സ്ഥിരം പണി മുസ്‌ലിയാർ ഇവിടെയും ആവർത്തിച്ചു എന്നല്ലാതെ ഈ സംഭവത്തെ ആധാരമാക്കി ഇങ്ങനെ ഒരു വിശ്വാസം ഇതിൽ മറഞ്ഞ് കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കിത്തന്ന സ്വീകാര്യനായ ഒരു ഇമാമിന്റെ പേര് പറയാൻ കഴിഞ്ഞിട്ടില്ല. പിതാവിൽനിന്ന് ഇത് കേട്ട ആഇശ(റ) ഇവർ പറയും പോലുള്ള അറിവ് ഇതിൽനിന്ന് പകർന്ന് തന്നോ? ഇത് ഉദ്ധരിച്ച ഇമാം മാലിക്(റ) ഇങ്ങനെയൊരു വിശ്വാസം ഇതിൽനിന്ന് പഠിപ്പിച്ചോ?

അബൂബക്റി(റ)ന് ഇത്തരമൊരു കഴിവുണ്ടെങ്കിൽ, നബി(സ്വ)യുടെ ഇസ്‌റാഅ്-മിഅ്‌റാജ് യാത്രയെ കുറിച്ച് എന്തുകൊണ്ട് അദ്ദേഹം മുമ്പേ അറിഞ്ഞില്ല? നബി(സ) യോടൊപ്പമുള്ള ഹിജ്‌റയുടെ വേളയിൽ ശത്രുക്കളുടെ നീക്കങ്ങൾ അദ്ദേഹത്തിന് എന്തുകൊണ്ട് അറിയാൻ കഴിഞ്ഞില്ല? അദൃശ്യമറിയുമായിരുന്നെങ്കിൽ ശത്രുക്കൾ പിടികൂടുമോ എന്ന് അദ്ദേഹം ഭയപ്പെട്ടതെന്തിന്?

രണ്ടാം ഖലീഫ ഉമറി(റ)ന് മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിഞ്ഞിരുന്നു എന്നതിന് മുസ്‌ല്യാക്കന്മാർ സ്ഥിരമായി കൊണ്ടുവരാറുള്ള 'യാ സാരിയ അൽ ജബൽ' എന്നു വിളിച്ച സംഭവമാണ് അദ്ദേഹം വായിച്ചത്. ഇമാം അഹ്‌മദ്(റഹി) അടക്കം മറ്റു പലരും ഉദ്ധരിച്ച ആ ചരിത്രത്തിന്റെ ചുരുക്കം ഇപ്രകാരമാണ്: 'ഉമർ(റ) സാരിയ എന്നവരോടൊപ്പം ഒരു സൈന്യത്തെ നിയമിച്ചു. വെള്ളിയാഴ്ച ദിവസം അദ്ദേഹം ഖുത്വുബ നടത്തുമ്പോൾ യാ സാരിയ അൽ ജബൽ എന്ന് വിളിച്ചു. ഇരുവർക്കുമിടയിൽ ഒരു മാസ യാത്രാ ദൈർഘ്യമുണ്ടായിരിക്കെ ആ വിളി സാരിയ കേട്ടു.'

ഉമറി(റ)ന്റെ കറാമത്തായി വിവരിക്കപ്പെട്ട, അദ്ദേഹത്തിന് അല്ലാഹു തോന്നിപ്പിച്ചതോ, ആ ശബ്ദം അവിടെ എത്തിച്ചതോ ആയ ഈ സംഭവത്തിൽനിന്ന് എപ്പോഴും അദ്ദേഹത്തിന് ഗൈബറിയുമെന്ന വിചിത്ര വാദമാണ് ഇവർ നടത്തുന്നത്. മുസ്‌ലിയാരുടെ സമർഥനം കേട്ടാൽ തോന്നുക ഈ വിളിക്ക് ശേഷം ഉമർ(റ) എനിക്ക് എല്ലായ്‌പോഴും എല്ലാ അദൃശ്യകാര്യങ്ങളുമറിയാൻ കഴിയുമെന്ന് അവകാശപ്പെട്ടത് പോലെയുണ്ട്. ഈ സംഭവം റിപ്പോർട്ട് ചെയ്ത അഹ്‌ലുസ്സുന്നയുടെ ഏതെങ്കിലുമൊരു ഇമാം ഈ അർഥത്തിൽ ഇതിനെ വ്യാഖ്യാനിച്ചിട്ടുണ്ടോ?

അദൃശ്യകാര്യങ്ങൾ അറിയാൻ ഉമറി(റ)ന് കഴിയുമായിരുന്നെങ്കിൽ അദ്ദേഹത്തെ ഖലീഫയായി തെരഞ്ഞെടുക്കാൻ ഒരു കൂടിയാലോചനാസമിതിയുടെ ആവശ്യമില്ലായിരുന്നു. നമസ്‌കരിക്കുന്ന വേളയിൽ കുത്തേറ്റപ്പോൾ തന്നെ കുത്തിയത് ആരാണെന്നും അയാൾ ആരിൽപ്പെട്ടവനാണെന്നും അന്വേഷിക്കാൻ ഒരാളെ ഏൽപിച്ചത് എന്തിനായിരുന്നു? തന്നെ കുത്തിക്കൊല്ലാൻ തൊട്ടടുത്ത് ഒരാൾ പതുങ്ങി നിൽക്കുന്നതുപോലും അദ്ദേഹം അറിഞ്ഞുവോ? തന്റെ മകൾ ഹഫ്‌സ(റ)യെ നബി(സ്വ) വിവാഹം കഴിക്കുമെന്ന് മുമ്പേ അറിയാൻ അദ്ദേഹത്തിന് കഴിഞ്ഞുവോ?

ആത്മീയ ചൂഷണം നടക്കണമെങ്കിൽ സൃഷ്ടികൾക്ക് യഥേഷ്ടം ആദൃശ്യകാര്യങ്ങൾ അറിയാമെന്ന് സ്ഥാപിക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പെടാപാടാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളെ അല്ലാഹുവിലേക്ക് വിളിക്കാനും അല്ലാഹുവിലേക്ക് അടുപ്പിക്കാനും ഇവർക്ക് മടിയാണ്. പരലോകം സത്യമാണ് എന്നത് ഓർക്കണം എന്നേ പറയാനുള്ളൂ.

■




നീണ്ടകഥ

# പൊഴിയുന്ന പുണ്യങ്ങൾ 2

ഷാസിയ നസ്‌ലി
വിവ: ഇബ്നു അലി എടത്തനാട്ടുകര

പതിവുപോലെ, ഭക്ഷണത്തിന് ശേഷം സന്നയും തൻസാറും ബാപ്പയോടൊട്ടിയിരുന്ന് അന്നത്തെ വിശേഷങ്ങൾ പങ്കുവെച്ചു. സന്നയെ ഒരു വാക്ക് പോലും പറയാൻ അനുവദിക്കാതെ തൻസാർ നിർത്താതെ സംസാരിച്ചുകൊണ്ടിരുന്നു. അവന്റെ വാണിജ്യപഠനത്തെ കുറിച്ച് 101 ചോദ്യങ്ങളെങ്കിലും അവന് പിതാവിനോട് ചോദിക്കാനുണ്ടാകും. അതിന് പുറമെ ഇന്റർനെറ്റ് ഉപയോഗിച്ച് കണ്ടെത്തിയ അവന്റെ പുതിയ കണ്ടെത്തലുകളെ കുറിച്ച് അഭിമാനത്തോടെ വിളമ്പാൻ അവന് നൂറ് നാവായിരുന്നു.

പിറ്റേദിവസം സ്കൂളിൽ പോകാൻ നേരംവൈകി. തലേന്ന് ഗൃഹപാഠം ചെയ്യാൻ ഉപയോഗിച്ചിരുന്ന കാൽകുലേറ്റർ കാണാതായത് തിരഞ്ഞാണ് നേരം വൈകിയത്. കട്ടിലിനടിയിൽ തിരഞ്ഞിട്ടും കിട്ടാതായപ്പോൾ തൻസാർ സന്നയോട് അരിശപ്പെട്ടു:

“നീ തന്നെയാണത് കളഞ്ഞത്.”

“അതെ, നീ എന്നെ മാത്രം കുറ്റം പറഞ്ഞോ. ഇന്നലെ രാത്രി നീ എല്ലാം എടുത്തുവെച്ചതല്ലേ? സമയം എത്രയായി? സ്കൂൾ ബസ് പോയിട്ട് നേരം ഏറെയായി. ഇനി നടന്ന് തന്നെ സ്കൂളിൽ പോകണം”- ഉരുളക്കുപ്പേരി പോലെ സന്ന മറുപടി കൊടുത്തു.

“കിട്ടിപ്പോയി”- കാൽകുലേറ്റർ മുകളിലേക്ക് എറിഞ്ഞ് ചാടിപ്പിടിച്ച് തൻസാർ ആക്രോശിച്ചു. കാൽകുലേറ്റർ അന്നേരമെല്ലാം അവന്റെ സ്കൂൾ ബേഗിൽ ഭദ്രമായി ഇരിക്കുകയായിരുന്നു!

“ഒടുക്കം ആരുടെ കൈവശമായിരുന്നു അത്?”- അവൾ മുനവെച്ച് മറുപടി കൊടുത്ത് മുറിയിൽനിന്നിറങ്ങി സ്കൂളിലേക്ക് ഓടി.

തൻസാറും സ്കൂളിലേക്ക് പുറപ്പെട്ടു. വഴിയിൽ കൂട്ടുകാരായ ഹാരിസിനെയും വലീദിനെയും ദൂരെ കണ്ടു.

“ഹലോ!”-അവരുടെ കണ്ണിൽപ്പെടാൻ തൻസാർ കൈവീശി ഉറക്കെ വിളിച്ചു. അവരേതോ കാര്യത്തിൽ കാര്യമായ വാദപ്രതിവാദത്തിലായിരുന്നു.

“അസ്സലാമു അലൈക്കും. എന്തൊരു ഉച്ചത്തിലാണ് നിങ്ങളുടെ സംസാരം”- തൻസാർ ഇടപ്പെട്ടു.

“തൻസാർ, വ അലൈക്കുമുസ്സലാം. ഇത് കേൾക്കൂ, വലീദ് പറയുന്നു ജമാഅത്ത് നമസ്കാരത്തിന് അവൻ നേതൃത്വം നൽകുമെന്ന്. എന്നാൽ കൂടുതൽ



സൂറത്തുകൾ എനിക്കല്ലേ അറിയുക! അതുകൊണ്ട് ഞാനല്ലേ ഇമാമായി നിൽക്കേണ്ടത്, എന്താ നിന്റെ അഭിപ്രായം?"-ഹാരിസിന്റെ ചോദ്യം.

"നമസ്കാരത്തിന് സ്ഥിരം ഇമാമാണല്ലോ നേതൃത്വം നൽകുക. ആവശ്യമില്ലാത്ത കാര്യത്തിന് നിങ്ങളെന്തിനാണ് തർക്കിക്കുന്നത്?"-തൻസാർ സംശയം പ്രകടിപ്പിച്ചു.

"അതെല്ലെടോ, സ്കൂളിന്റെ സമയമാറ്റം കാരണം ഇടവേളയിലും ഭക്ഷണ സമയത്തും ദുഹ്ർ, അസ്ർ നമസ്കാരത്തിന്റെ കാര്യമാണ് പറയുന്നത്"-വലീദിന്റെ മറുപടി.

"ശരി. ആര് ഇമാമ് നിൽക്കണമെന്ന് നീ പറ"-വലീദ് പറഞ്ഞു.

"പക്ഷേ, ഫുട്ബോളിന്റെ കാര്യമോ? നമ്മുടെ പ്രൊജക്ടുകളുടെ കാര്യമോ?..." തൻസാറിന്റെ ചിന്തകൾ ആ വഴിക്കാണ് നീങ്ങിയത്.

"അത് ശരി! പക്ഷേ, നമുക്ക് നമസ്കരിക്കേണ്ടേ? അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മാത്രമല്ല സ്കൂൾ കഴിഞ്ഞും ഫുട്ബോൾ കളിക്കാമല്ലോ. നമസ്കരിക്കാൻ ഒരു ദിവസം മുഴുവനൊന്നും വേണ്ട, ഏതാനും മിനിട്ടുകൾ മതി"-കൂട്ടുകാരനെ അവൻ ഓർമിപ്പിച്ചു.

"ശരി തന്നെ. പക്ഷേ, ഉച്ചഭക്ഷണ നേരത്ത് എനിക്ക് കമ്പ്യൂട്ടർ റൂമിലേക്ക് പോകാൻ പറ്റുന്നില്ല. അതുകൊണ്ട് സ്കൂൾ കഴിഞ്ഞിട്ട് വേണം സമയം കണ്ടെത്താൻ. പിന്നെ ഫുട്ബോളിന് തീരെ നേരമില്ല"-തൻസാർ എതിർത്തു.

നമസ്കാരത്തിന് ഇമാം നിൽക്കുന്നതിനെ കുറിച്ച് കുട്ടികൾ സ്കൂളിൽ എത്തുന്നതുവരെ തർക്കിച്ചുകൊണ്ടിരുന്നു. എന്നാൽ തൻസാറിന്റെ തല നിറയെ ഫുട്ബോളും കമ്പ്യൂട്ടറുമായിരുന്നു.

കാലത്ത് അസംബ്ലിയിൽ പ്രധാന അധ്യാപകൻ ഫഹദ്, ഉച്ചഭക്ഷണത്തിന് ശേഷം രണ്ട് ഇടവേളകൾ ഉണ്ടായിരിക്കുമെന്നും രണ്ട് നമസ്കാരത്തിന്റെയും സ്ഥലവും സമയവും പ്രഖ്യാപിച്ചു. ഹാരിസും വലീദും ആര് ഇമാം നിൽക്കുമെന്ന തർക്കത്തിലായിരുന്നു അപ്പോഴും.

"താരിഖ്, നീ പറ ആരാണ് ഇമാമാകുക? ഞാനോ ഹാരിസോ?"-വലീദ് ചോദിച്ചു.

"എനിക്കറിയില്ല"- രണ്ട് കൂട്ടുകാരിൽനിന്നൊരാളെ തെരഞ്ഞെടുക്കാനുള്ള കുരുക്കിൽനിന്ന് താരിഖ് സൂത്രത്തിൽ തലയൂരി.

"എന്തുകൊണ്ട് ആദ്യത്തെ ജമാഅത്തിന് ഒരാളും രണ്ടാമത്തേതിന് മറ്റേയാളും നേതൃത്വം നൽകിക്കൂടാ?"-അവരുടെ സഹപാഠി ലൈല ഇടപെട്ടു.

"ഉഗ്രൻ ഐഡിയ!"-ഹാരിസ് തുള്ളിച്ചാടി.

"ജമാഅത്ത് നമസ്കാരത്തിനാണ് കൂടുതൽ പ്രതിഫലം എന്ന് നിനക്കറിയില്ലേ?"-സന്ന തൻസാറിനെ ഓർമിപ്പിച്ചു.

"എനിക്കറിയാം; ഞാൻ നമസ്കരിക്കുകയും ചെയ്യും. നമസ്കാരം നഷ്ടപ്പെടുത്തുന്നത് പോലെയല്ലല്ലോ അത്"-ദേഷ്യത്തിൽ മറുപടി നൽകി തൻസാർ മുറിവിട്ട് പോയി.

താത്ത പറഞ്ഞതാണ് ശരിയെന്ന് അവന് അറിയാമെങ്കിലും അവളുടെ ഉപദേശം അവഗണിച്ച് അവൻ കമ്പ്യൂട്ടറിനെക്കുറിച്ചാണ് ചിന്തിച്ചത്.

**(തുടരും)**



# ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

വലിയ്യായും മുഹദ്ദസായും മുജദ്ദിദായും മഹ്ദിയായും മസീഹായും ദ്വില്ലി, ബുറൂസി, മജാസി നബിമാരായും തരാതരം അവകാശപ്പെട്ട് ഒടുക്കം പ്രവാചകത്വം തന്നെയും വാദിച്ച് രംഗത്ത് വന്ന വ്യക്തിയാണ് പത്തൊമ്പതാം ശതകത്തിൽ ജീവിച്ചിരുന്ന മിർസാ ഗുലാം അഹ്മദ് ഖാദിയാനി. അല്ലാഹുവിങ്കൽ നിന്നെന്ന് പറഞ്ഞ് അദ്ദേഹം 1880 മുതൽ അറബി, ഉർദു, പേർഷ്യൻ, ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിച്ച 'വഹ്‌യു'കളുടെയും 'ദർശന'ങ്ങളുടെയും അവതരണക്രമത്തിലുള്ള ക്രോഡീകരണമാണ് 'തദ്കിറ.' കാലവും സാഹചര്യവുമനുസരിച്ച് വിസ്മൃതിയിലേക്ക് തള്ളിവിട്ട ഖാദിയാനികളുടെ വേദഗ്രന്ഥമായ തദ്കിറ കണ്ടെത്തി നിരൂപണം നടത്തുന്നു; ഈ ലക്കം മുതൽ.

**ആമുഖം**

മനുഷ്യന്റെ മാർഗദർശനത്തിനായി അല്ലാഹു ലക്ഷത്തിലധികം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവരിൽ ചിലർക്ക് നിയമനിർദേശങ്ങളടങ്ങുന്ന ഗ്രന്ഥങ്ങൾ നൽകുകയും അതനുസരിച്ച് ജനങ്ങളെ വഴിനടത്താനായി നിരവധി പ്രവാചകന്മാരെ അയക്കുകയും ചെയ്തു. അവർ പ്രത്യേക സമൂഹങ്ങളിലേക്ക് നിർണിത കാലത്തേക്കായി നിയുക്തരായെങ്കിൽ ലോകാവസാനംവരെയുള്ള എല്ലാ മനുഷ്യരുടെയും മാർഗദർശനത്തിനായി ഏറ്റവുമൊടുവിൽ മുഹമ്മദ് നബി(സ്വ) നിയോഗിക്കപ്പെട്ടു. അദ്ദേഹം അന്ത്യപ്രവാചകനും അദ്ദേഹത്തിന് അവതീർണമായ ഗ്രന്ഥം വിശുദ്ധ ക്വുർആൻ അവസാനത്തെ ദൈവികഗ്രന്ഥവുമാണെന്ന് അല്ലാഹു തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മുഹമ്മദ് നബിക്ക് ശേഷവും ചിലർ പ്രവാചകത്വവാദമുന്നയിച്ചു. അന്ത്യ പ്രവാചകന് ശേഷം പ്രവാചകത്വവാദം വിലപ്പോകാത്തതുകൊണ്ട് കൂടുതൽ പേരും മഹ്ദീവാദവുമായാണ് രംഗത്തു വന്നത്. ചില ഹദീസുകളിൽ ഇമാം മഹ്ദിയുടെ ആഗമനത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. അവയിലെ വൈരുധ്യങ്ങളും അവ്യക്തതകളും കാരണമായി ഇമാം ബുഖാരിയെപ്പോലെ പലരും അവ സ്വീകരിച്ചിട്ടില്ല. എന്നാൽ മസീഹിന്റെ രണ്ടാം വരവിനെക്കുറിച്ച് നിരവധി സ്വഹീഹായ ഹദീസുകൾ ഉണ്ടായിരിക്കെ നിഷേധിക്കാൻ പറ്റില്ല. അന്ത്യനാളിനോടടുത്ത് ഒരുപാട് കാര്യങ്ങൾ സംഭവിച്ചതിനു ശേഷമാണ് മസീഹ് ഈസാ(അ) ഇറങ്ങി വരിക. പ്രധാനമായും തന്റെ കൈകളാൽ വധിക്കപ്പെടേണ്ട ദജ്ജാലിന്റെ ആഗമനവും അതിഭീതിതമായ അവസ്ഥയും സംജാതമാകണം. ക്വിയാമത്തിനു മുമ്പുള്ള ചെറുതും വലുതുമായ അടയാളങ്ങൾ ഉണ്ടായതിനുശേഷം ഈസാ നബി(അ) തന്നെയാണ് ലോകത്തേക്ക് വരിക. ഈദൃശകാര്യങ്ങൾ വ്യക്തമായി പറയുകയും മുസ്‌ലിംകൾ വിശ്വസിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെ ഈസാ നബിയാണെന്ന് വാദിക്കാൻ പലരും ധൈര്യപ്പെട്ടിരുന്നില്ല.


എന്നാൽ പത്തൊമ്പതാം ശതകത്തിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി ആദ്യം വലിയ്യായും പിന്നെ കാലത്തിന്റെ ഇമാം, ദൈവിക വെളിപാടുകൾ ലഭിക്കുന്ന മുഹദ്ദസ്, മതപരിഷ്കരണാർഥം നിയുക്തനായ മുജദ്ദിദ് എന്നീ വാദങ്ങൾ ഉന്നയിച്ചു. ദൈവിക വെളിപാടുകൾ അനുസരിച്ചുള്ള പ്രവചനങ്ങൾ വിശദീകരിക്കുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ആരും ശ്രദ്ധിക്കാതെ വന്നപ്പോൾ മഹ്ദീവാദം ഉന്നയിച്ചുകൊണ്ട് സ്വന്തമായി ജമാഅത്ത് രൂപീകരിച്ചു, അനുയായികളോട് ബൈഅത്ത്




(അനുസരണ പ്രതിജ്ഞ) വാങ്ങി.

പിന്നീട് ഈസാ നബിയുടെ പകരക്കാരനായി അയക്കപ്പെട്ട മസീഹാണെന്നും അതുകൊണ്ട്തന്നെ നബിയാണെന്നും വാദിച്ചു. പ്രവാചകത്വവാദം ശക്തമായ എതിർപ്പിന് നിമിത്തമായതോടെ സ്വതന്ത്ര പ്രവാചകനല്ല ദില്ലി(നിഴൽ)നബി, ബുറൂസി(അവതാരം)നബി, മജാസി (ആലങ്കാരിക) നബി എന്നൊക്കെ തരം പോലെ വിശദീകരിച്ചു. ഒരു ഘട്ടത്തിൽ പുസ്തകങ്ങളിൽ തന്നെപ്പറ്റി നബിയെന്നും റസൂലെന്നും എഴുതിയത് മായ്ച്ചുകളഞ്ഞു മുഹദ്ദസ് എന്നോ മുജദ്ദിദ് എന്നോ ചേർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൽക്കാലം പിൻവാങ്ങി. എന്നാൽ കുറെ പേരെ അനുയായികളായി ലഭിച്ചതോടെ തന്റെ മനസ്സിലിരിപ്പ് തുറന്നു പ്രഖ്യാപിച്ചു; താൻ മുൻപ്രവാചകന്മാരെപ്പോലെ ഒരു പ്രവാചകനാണ്, തന്നെ വിശ്വസിക്കാത്തവർ കാഫിറുകളും നരകാവകാശികളുമാകുന്നു എന്ന്

ഇങ്ങനെ പൂർണദശ പ്രാപിക്കാൻ ഇരുപത്തിയഞ്ചിലേറെ വർഷങ്ങളെടുത്തുവെങ്കിലും തുടക്കത്തിൽ തന്നെ അല്ലാഹുവിൽനിന്നാണെന്ന് അവകാശപ്പെട്ടുകൊണ്ട് കുറെ വെളിപാടുകളും സ്വപ്നജാഗ്രദ് ദർശനങ്ങളും അദ്ദേഹം സമർപ്പിച്ചു. അറബി, ഉർദു, പേർഷ്യൻ, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലവതരിച്ച വഹ്‌യുകൾ 1880 മുതൽ പ്രസിദ്ധീകരിച്ച സ്വന്തം ഗ്രന്ഥങ്ങളിലൂടെയും പിന്നീട് തുടക്കം കുറിച്ച മുഖപത്രങ്ങളിലൂടെയും മറ്റുള്ളവരെ അറിയിച്ചുകൊണ്ടിരുന്നു. ചെറിയൊരു സംഘം മാത്രമെ ആ സന്ദേശങ്ങൾ അറിഞ്ഞിരുന്നുള്ളൂ. നല്ല പ്രചാരണം നൽകിയിട്ടും പുസ്തകങ്ങൾക്ക് വേണ്ടത്ര പ്രചാരം ലഭിച്ചില്ല. വർഷങ്ങൾക്ക് ശേഷമാണ് പഞ്ചാബിൽ പോലും അദ്ദേഹം ശ്രദ്ധിക്കപ്പെട്ടത്. പുസ്തക



**വള്ളിപുള്ളി വ്യത്യാസം വരാതെ ലോകാവസാനംവരെ അല്ലാഹു സുരക്ഷിതത്വം ഏറ്റെടുത്ത വിശുദ്ധക്വുർആൻ, അവസാനത്തെ മനുഷ്യന്നും മാർഗദർശക ഗ്രന്ഥമാണെന്നും ആ ഗ്രന്ഥവും അതിന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കിയ പ്രവാചകചര്യയും പിൻപറ്റുന്നവർ വഴിപിഴക്കില്ലെന്നും അവർ സ്വർഗസ്ഥരായിരിക്കുമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. എന്നിരിക്കെ ഇനി ഒരു ദൈവിക സന്ദേശത്തിന് മുസ്‌ലിംകൾ ചെവികൊടുക്കാതിരിക്കുക സ്വാഭാവികമാണ്. എങ്കിലും കാലം മുന്നോട്ടു പോയപ്പോൾ ഭരണകൂടത്തിന്റെ ഒത്താശയോടെ വ്യാപകമായ പ്രചാരണത്തിന്റെ ഫലമായി ചില ഹതഭാഗ്യർ മിർസാ ഖാദിയാനിയുടെ പ്രസ്ഥാനത്തിൽ ചേർന്നു. അതിന്റെ അലയൊലികൾ ഏറെ വൈകാതെ കേരളത്തിൽ എത്തുകയും ചില പ്രദേശങ്ങളിൽ അതിന്റെ വിത്തുകൾ വീഴുകയും ചെയ്തു.**

ഹിന്ദുക്കളുടെ വേദങ്ങൾക്കും ഉപനിഷത്തുകൾക്കും പുരാണങ്ങൾക്കുമൊന്നും എവിടെയും ക്ഷാമമില്ല. മിക്ക ഭാഷകളിലേക്കും അവ വിവർത്തനം ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ ഉടലെടുത്ത ബുദ്ധജൈന മതങ്ങളുടെ അടിസ്ഥാന ഗ്രന്ഥങ്ങളുടെ കാര്യവും തഥൈവ. സിക്കുമതത്തിന്റെ 'ഗ്രന്ഥ സാഹിബ്' അടക്കമുള്ള അടിസ്ഥാനകൃതികൾ വിശ്വാസികൾ പതിവായി വായിക്കാറുണ്ട്. മറ്റുള്ളവർക്ക് വേണമെങ്കിൽ അവയുടെ ഭാഷാന്തരങ്ങൾ ലഭ്യമാണ്. ഇതുതന്നെയാണ് യഹൂദ, പാർസി മതങ്ങളുടെയും ഇതര ലോകമതങ്ങളുടെയും അടിസ്ഥാന ഗ്രന്ഥങ്ങളുടെ സ്ഥിതി.

ഇതിൽനിന്നൊക്കെ വ്യത്യസ്തമായി ആരെയും അത്ഭുതപ്പെടുത്തുന്നതാണ് ആധുനിക കാലഘട്ടത്തിലെ 'പ്രവാചക'ന്റെ ഗ്രന്ഥങ്ങളുടെ കാര്യം. അവയിൽ ചിലതിനെപ്പറ്റി 'അല്ലാഹു സ്വന്തം കരങ്ങൾകൊണ്ട് രചിച്ചതാ'ണെന്ന് പോലും അദ്ദേഹം അവകാശപ്പെടുന്നുണ്ട്. എന്നാൽ അഹ്മദികളുടെ ആരാധനാലയങ്ങളിലോ പുസ്തകശാലകളിലോ എന്തിനേറെ ലൈബ്രറികളിൽ പോലും ആ ഗ്രന്ഥങ്ങളുടെ കോപ്പി കാണാനാവില്ല. വീടുകളിലെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ! ലോകത്ത് ഏതെങ്കിലും ഭാഷയിലേക്ക് അവ മൊഴിമാറ്റം ചെയ്തിട്ടുമില്ല; വിരലിലെണ്ണാവുന്ന ചില ചെറിയ കൃതികൾ ഒഴികെ.

മിർസയുടെ പല പുസ്തകങ്ങളിങ്ങളും വാരികകളും ഉർദുഭാഷയിൽ ആയിരുന്നു. ചെറിയൊരു വിഭാഗം മുസ്‌ലിംകൾ, വിശേഷിച്ചും പണ്ഡിതന്മാർ, സംശയദൃഷ്ടിയോടയാണ് വീക്ഷിച്ചത്. വളർച്ചക്കനുസരിച്ചായിരുന്നു അവരുടെ പ്രതികരണങ്ങൾ.

വള്ളിപുള്ളി വ്യത്യാസം വരാതെ ലോകാവസാനംവരെ അല്ലാഹു സുരക്ഷിതത്വം ഏറ്റെടുത്ത വിശുദ്ധക്വുർആൻ, അവസാനത്തെ മനുഷ്യന്നും മാർഗദർശക ഗ്രന്ഥമാണെന്നും ആ ഗ്രന്ഥവും അതിന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കിയ പ്രവാചകചര്യയും പിൻപറ്റുന്നവർ വഴിപിഴക്കില്ലെന്നും അവർ സ്വർഗസ്ഥരായിരിക്കുമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. എന്നിരിക്കെ ഇനി ഒരു ദൈവിക സന്ദേശത്തിന് മുസ്‌ലിംകൾ ചെവികൊടുക്കാതിരിക്കുക സ്വാഭാവികമാണ്. എങ്കിലും കാലം മുന്നോട്ടു പോയപ്പോൾ ഭരണകൂടത്തിന്റെ ഒത്താശയോടെ വ്യാപകമായ പ്രചാരണത്തിന്റെ ഫലമായി ചില ഹതഭാഗ്യർ മിർസാ ഖാദിയാനിയുടെ പ്രസ്ഥാനത്തിൽ ചേർന്നു. അതിന്റെ അലയൊലികൾ ഏറെ വൈകാതെ കേരളത്തിൽ എത്തുകയും ചില പ്രദേശങ്ങളിൽ അതിന്റെ വിത്തുകൾ വീഴുകയും ചെയ്തു.

അത്തരമൊരു പ്രദേശത്ത് ജനിക്കുകയും വളരുകയും ചെയ്തത് ഇതിനെക്കുറിച്ച് പഠിക്കാൻ നിമിത്തമായി. അപ്പോഴാണ് "'പുതിയ മത''ത്തിന്റെ അടിസ്ഥാനമായ 'പ്രവാചക'കൃതികൾ മലയാളത്തിൽ ലഭ്യമല്ലെന്ന് മനസ്സിലായത്. മൂലഭാഷയിൽ തേടിയെങ്കിലും, സ്വാതന്ത്ര്യത്തിനും വിഭജനത്തിനും മുമ്പ് ആസ്ഥാനമായിരുന്ന; 'പ്രവാചക'ന്റെ ജന്മസ്ഥലമായ ഖാദിയാനിലും വിഭജനാനന്തരം തലസ്ഥാനമാക്കിയ പാകിസ്ഥാനിലെ റബ്‌വയിലും 1984നു ശേഷം ഖലീഫയുടെ ആത്മീയഭരണ കേന്ദ്രമായ ലണ്ടനിലും ആ ഗ്രന്ഥങ്ങൾ ലഭ്യമല്ലെന്ന സത്യം തിരിച്ചറിഞ്ഞു.

ലോകത്ത് ഏത് മതവിഭാഗത്തിന്റെയും 'ദൈവികഗ്രന്ഥങ്ങൾ' അഥവാ 'പുണ്യഗ്രന്ഥങ്ങൾ' സുലഭമാണെന്നതിൽ യാതൊരു അതിശയവുമില്ല. അല്ലാഹുവിന്റെ വാഗ്ദാനവുമനുസരിച്ച് യാതൊരു കലർപ്പും ഏറ്റക്കുറവുമില്ലാത്ത മുസ്‌ലിംകളുടെ വേദപുസ്തകമായ വിശുദ്ധ ക്വുർആനിന്റെ കോപ്പികൾ എത്ര വേണമെങ്കിലും ലോകത്തെവിടെയും ലഭ്യമാണ്. അതിന്റെ കോടിക്കണക്കിന് കോപ്പികളാണ് സൗജന്യമായി വിതരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ലോകഭാഷകളിൽ അതിന്റെ മൊഴിമാറ്റവും വ്യാഖ്യാനവും സുലഭമാണ്.

മൂസായുടെ തൗറാത്തും ദാവൂദിന്റെ സബൂറും ഈസായുടെ ഇൻജീലും ചേർന്ന (അവതീർണമായ രൂപത്തിലുള്ളതല്ല) ക്രിസ്ത്യാനികളുടെ വേദഗ്രന്ഥമായ വിശുദ്ധ ബൈബിൾ വിവിധ ഭാഷകളിൽ ലോകത്തെവിടെയും സുലഭമാണ്. ഏത് ക്രിസ്ത്യാനിയുടെ വീട്ടിലും പ്രാർഥനാലയങ്ങളിലും അത് കാണാൻ കഴിയും.

ലും രേഖപ്പെടുത്തിയതും മുഖപത്രങ്ങൾ മാത്രം പ്രസിദ്ധീകരിച്ചതുമായ 'വഹ്‌യു'കളും 'ദർശന'ങ്ങളും അവതരണ കാലക്രമത്തിൽ ക്രോഡീകരിച്ച സമാഹാരമാണ് 'തദ്കിറ.' മറ്റു ഗ്രന്ഥങ്ങളുടെയെന്ന പോലെത്തന്നെ ഇതിന്റെയും കോപ്പികൾ എവിടെയും ലഭ്യമല്ല. ആധുനിക കാലഘട്ടത്തിൽ മുഴുലോകത്തേക്കുമായി നിയുക്തനായ പ്രവാചകന്റെ വഹ്‌യുകൾ അനുയായികളടക്കമുള്ള മനുഷ്യർക്ക് നൽകാതെ തമസ്കരിക്കാനുള്ള കാരണം ഈ പുസ്തകം വായിക്കുമ്പോൾ നിങ്ങൾക്ക് ബോധ്യപ്പെടും. ദൈവിക വചനത്തിന്റെ ആശയഗാംഭീര്യവും കാലാതീതമായ ഭാഷാ പ്രയോഗവും ജീവിതത്തിന്റെ മാർഗദർശനത്തിനാവശ്യമായ ഉള്ളടക്കവും ഖാദിയാനി വഹ്‌യുകളിൽ കാണാനാവില്ല. ശീർഷകത്തിൽ വിശുദ്ധ വഹ്‌യുകൾ എന്ന് വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും അനുയായികൾ പോലും അവയ്ക്ക് ദൈവികവചനങ്ങളുടെ പവിത്രത കൽപിക്കുന്നില്ല. അതിലെ ഒരു വചനം പോലും അറിയാത്തവരാണ് അവരിൽ 99 ശതമാനവും. ഏതായാലും ഈ വചനങ്ങൾ ആദരവ് അർഹിക്കുന്നുണ്ടോ എന്ന് വായിച്ച ശേഷം നിങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.

ഇനി നമ്മുടെ അഹ്‌മദീ സഹോദരങ്ങളോട് ചില കാര്യങ്ങൾ പ്രത്യേകം പറയട്ടെ. നിങ്ങൾ ഈ പുസ്തകം നിഷ്പക്ഷബുദ്ധ്യാ മനസ്സിരുത്തി വായിക്കുക. അങ്ങനെ പറയാൻ കാരണം, കേരളത്തിലെ അഹ്‌മദീ നേതാക്കൾ ഈ ഗ്രന്ഥകാരനെയും കൂട്ടുകാരെയും 'കളവ് മാത്രം പറയുന്നവർ' എന്ന് ആക്ഷേപിച്ചുകൊണ്ട് അനുയായികളെ വായിക്കാനും കേൾക്കാനും അനുവദിക്കുന്നില്ല എന്ന് ചില അഹ്‌മദികളിൽനിന്നും അഹ്‌മദിയത്ത് വിട്ട് ഇസ്‌ലാമിലേക്ക് വന്ന ചിലരിൽനിന്നും അറിയാൻ കഴിഞ്ഞു എന്നതാണ്.

മിർസയുടെ പല പുസ്തകങ്ങളിലും രേഖപ്പെടുത്തിയതും മുഖപത്രങ്ങൾ മാത്രം പ്രസിദ്ധീകരിച്ചതുമായ 'വഹ്‌യു'കളും 'ദർശന'ങ്ങളും അവതരണ കാലക്രമത്തിൽ ക്രോഡീകരിച്ച സമാഹാരമാണ് 'തദ്കിറ.' മറ്റു ഗ്രന്ഥങ്ങളുടെയെന്ന പോലെത്തന്നെ ഇതിന്റെയും കോപ്പികൾ എവിടെയും ലഭ്യമല്ല. ആധുനിക കാലഘട്ടത്തിൽ മുഴുലോകത്തേക്കുമായി നിയുക്തനായ പ്രവാചകന്റെ വഹ്‌യുകൾ അനുയായികളടക്കമുള്ള മനുഷ്യർക്ക് നൽകാതെ തമസ്കരിക്കാനുള്ള കാരണം ഈ പുസ്തകം വായിക്കുമ്പോൾ നിങ്ങൾക്ക് ബോധ്യപ്പെടും. ദൈവിക വചനത്തിന്റെ ആശയഗാംഭീര്യവും കാലാതീതമായ ഭാഷാ പ്രയോഗവും ജീവിതത്തിന്റെ മാർഗദർശനത്തിനാവശ്യമായ ഉള്ളടക്കവും ഖാദിയാനി വഹ്‌യുകളിൽ കാണാനാവില്ല.

നിങ്ങൾ പ്രവാചകനാണെന്ന് വിശ്വസിക്കുകയും അങ്ങനെ വിശ്വസിക്കാത്തവരെല്ലാം കാഫിറുകളും നരകാവകാശികളുമാണെന്ന് കരുതുകയും ചെയ്യുന്ന മിർസാ ഗുലാം അഹ്‌മദ് ഖാദിയാനിയുടെ വഹ്‌യുകളും ദർശനങ്ങളുമാണ് ഈ പുസ്തകത്തിൽ നിങ്ങൾക്ക് വായിക്കാനാവുക. നിങ്ങളിൽ പലരും ഇത് ആദ്യമായി കേൾക്കുകയാവും. അതുകൊണ്ട് തന്നെ നിങ്ങൾക്ക് വിശ്വസിക്കാനാവില്ല. ഇങ്ങനെയൊക്കെ ഭാവനയിൽനിന്ന് എടുത്തെഴുതാൻ സാധിക്കുമായിരുന്നുവെങ്കിൽ ഞാൻ നല്ലൊരു കഥാകൃത്ത് ആവുമായിരുന്നില്ലേ?

നിങ്ങൾ അറിയുന്നവരോട് ചോദിക്കുക. 'വാലും തലയും മുറിച്ചതാ'ണെന്ന് നേതാക്കൾ മറുപടി പറയുമ്പോൾ ഒറിജിനൽ പുസ്തകങ്ങളിൽനിന്ന് അവ ചേർത്തുവച്ച് വായിക്കാൻ ആവശ്യപ്പെടുക. നിങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭിച്ചാൽ ഞങ്ങളെയും ബോധ്യപ്പെടുത്തുകയും ഈ പുസ്തകത്തിൽ പറഞ്ഞ കാര്യങ്ങൾ അക്കമിട്ട് വിശദീകരിക്കുകയും ഓരോന്നിന്റെയും അർഥവും ആശയവും ന്യായവും സമർപ്പിക്കുകയും ചെയ്യുക. എല്ലാവർക്കും സത്യം സ്വീകരിക്കാമല്ലോ.

മറിച്ച് ഇതിൽ പറഞ്ഞതുപോലെ പ്രവാചകനെന്നല്ല, സാമാന്യ മുസ്‌ലിമിന് പോലും യോജിക്കാത്ത ജൽപനങ്ങളാണ് 'അല്ലാഹുവിന്റെ കലാം' എന്ന വ്യാജേനെ



> മുഹമ്മദ് നബി(സ്വ) അവസാനത്തെ പ്രവാചകനാണെന്ന് വിശുദ്ധ ക്വുർആൻ നസ്സായി പറഞ്ഞിട്ടും അദ്ദേഹത്തിനുശേഷം പ്രവാചകത്വം വാദിച്ച ഒരാളെ വിശ്വസിക്കുകയും അദ്ദേഹത്തെ നിഷേധിക്കുന്നവർ കാഫിറുകളും നരകാവകാശികളുമാണെന്ന് പറയുകയും ചെയ്യുന്നവർ, അദ്ദേഹം അല്ലാഹുവിന്റെ വചനമാണെന്ന് അവകാശപ്പെട്ടുകൊണ്ട് എന്ത് പറഞ്ഞാലും വിശ്വസിക്കുക സ്വാഭാവികമാണ്. എന്നല്ല, അത് അനിവാര്യവുമാണല്ലോ. അതിന്റെ അർഥവും ആശയവും അവർക്ക് അന്വേഷിക്കേണ്ട കാര്യമില്ല. ആ ചിന്ത പോലും തെറ്റാണെന്ന് അവർ കരുതുന്നു. എന്നാൽ ഇത്തരം വചനങ്ങളുടെ ആശയവും പൊരുളും തേടുന്നവർക്ക്, സ്വന്തം മനസ്സാക്ഷിയെ വഞ്ചിക്കാതെ മുൻ പ്രവാചകന്മാർക്ക് നൽകപ്പെട്ടതുപോലുള്ള ദൈവത്തിന്റെ വചനങ്ങളാണ് ഇതെന്ന് വിശ്വസിക്കാനാവില്ല.

എന്താണെന്ന് അവർക്ക് മനസ്സിലായിട്ടുണ്ടാവും.

**അർഥവും ആശയവും**

നമുക്കൊന്നും അതിന്റെ ആശയവും പൊരുളും മനസ്സിലാകില്ല. മുഹമ്മദ് നബി(സ്വ) അവസാനത്തെ പ്രവാചകനാണെന്ന് വിശുദ്ധ ക്വുർആൻ നസ്സായി പറഞ്ഞിട്ടും അദ്ദേഹത്തിനുശേഷം പ്രവാചകത്വം വാദിച്ച ഒരാളെ വിശ്വസിക്കുകയും അദ്ദേഹത്തെ നിഷേധിക്കുന്നവർ കാഫിറുകളും നരകാവകാശികളുമാണെന്ന് പറയുകയും ചെയ്യുന്നവർ, അദ്ദേഹം അല്ലാഹുവിന്റെ വചനമാണെന്ന് അവകാശപ്പെട്ടുകൊണ്ട് എന്ത് പറഞ്ഞാലും വിശ്വസി



۶۳۳

(۴) وَهُمْ مِّنْ بَعْدِ غَلَبِهِمْ سَيَغْلِبُوْنَ۔
(۵) وَاِمَّا نُرِيَنَّكَ بَعْضَ الَّذِيْ نَعِدُهُمْ اَوْ نَتَوَفَّيَنَّكَ۔
(۶) نَصَرَكُمُ اللّٰهُ نَصْرًا مُّؤَزَّرًا۔
(۷) اِنِّيْ مَعَكَ يَا اِبْرَاهِيْمُ۔"
(بدر جلد ۷ نمبر ۳ مورخہ ۲۳ جنوری ۱۹۰۸ء صفحہ ۴۔ الحکم جلد ۱۲ نمبر ۶ مورخہ ۲۲ جنوری ۱۹۰۸ء صفحہ ۱۰)

**۵ جنوری ۱۹۰۸ء** "مرحوم امیر خاں کی بیوہ جس دن اُس کا خاوند فوت ہؤا، میں نے دیکھا کہ اُس بیوہ کی پیشانی پر ۵ یا ۶ یا ۷ کا عدد لکھا ہؤا ہے میں نے وہ مٹا دیا اور اس کی جگہ اس کی پیشانی پر ۶ کا عدد لکھ دیا ہے۔"
(بدر جلد ۷ نمبر ۳ مورخہ ۲۳ جنوری ۱۹۰۸ء صفحہ ۴۔ الحکم جلد ۱۲ نمبر ۶ مورخہ ۲۲ جنوری ۱۹۰۸ء صفحہ ۱۰)

**۱۸ جنوری ۱۹۰۸ء** (الف) "یہ پیشگوئی کی آخری حد ہے۔ وہ وعدہ ٹلے گا نہیں جب تک خون کی ندیاں چاروں طرف سے بہہ نہ جائیں۔"
(بدر جلد ۷ نمبر ۳ مورخہ ۲۳ جنوری ۱۹۰۸ء صفحہ ۴۔ الحکم جلد ۱۲ نمبر ۶ مورخہ ۲۲ جنوری ۱۹۰۸ء صفحہ ۱۰)
(ب) "یہ پیشگوئی کی آخری حد ہے۔ اِنَّ رَبِّیْ قَوِیٌّ عَزِیْزٌ۔ یہ پیشگوئی کی آخری حد ہے۔ اِنَّ رَبِّیْ قَوِیٌّ عَزِیْزٌ۔ وہ وعدہ ٹلے گا نہیں جب تک خون کی ندیاں چاروں طرف سے بہہ نہ جائیں۔" (تحریر فرمودہ حضرت مسیح موعود علیہ السلام بر اوراق کتاب تعطیر الانام)

لہ (ترجمہ) (۴) اور وہ غلبہ کے بعد عنقریب مغلوب ہوں گے۔ (۵) اور یا تو ہم تجھے بعض وہ باتیں دکھا دیں گے جو وعدہ کی گئی ہیں یا تجھے وفات دیں گے (۶) مدد کی اللہ تعالیٰ نے تمہاری مؤیدانہ مدد (۷) اے ابراہیم! میں تیرے ساتھ ہوں۔

لہ امیر خاں صاحب مرحوم پیر منظور محمد صاحب موجد قاعدہ یسرنا القرآن کی بیوی کے رشتہ میں بھائی تھے جن کے ساتھ محمد اکبر خاں صاحب مرحوم کی دختر اصغری بیگم صاحبہ بیاہی گئی تھیں۔ اُن کی وفات کے بعد اصغری بیگم صاحبہ میاں مدد خان صاحب کے عقد میں آئیں اور حضرت مسیح موعود علیہ السلام کی اس بشارت کے ماتحت اُن کے چھ بچے ہوئے جن کے نام حسب ذیل ہیں:۔
راجہ محمد عبداللہ خان صاحب، راجہ محمد یعقوب خان صاحب (کارکن صدر انجمن احمدیہ)، محمد داؤد صاحب، محمد الیاس صاحب، زینب اور عائشہ۔
اصغری بیگم صاحبہ اپنے والدین کے ساتھ حضرت مسیح موعود علیہ السلام کے گھر کے ایک حصہ میں رہتی تھیں اور اُن کی والدہ مرحومہ حضرت مسیح موعود علیہ السلام کی خدمت کرتی تھیں۔ (مرتب)

لہ یہ کتاب خلافت لائبریری ربوہ میں موجود ہے۔ (مرتب)

സമർപ്പിച്ചത് എങ്കിൽ ദൈവിക വചനമാണെന്ന അദ്ദേഹത്തിന്റെ അവകാശവാദം നമുക്ക് തള്ളിക്കളയാം, അദ്ദേഹത്തെ പാട്ടിനു വിടാം. ഖേദിച്ചു മടങ്ങുകയും ശിഷ്ടകാലം പരമാവധി സദ്കർമങ്ങൾ ചെയ്തുകൊണ്ട് അറിയാതെ സംഭവിച്ച കുഫ്റിനു പ്രായശ്ചിത്തം ചെയ്യുകയും ആവാം.

മൂന്നാമത്തെ ഒരു സാധ്യത കൂടിയുണ്ട്. അഹ്മദിയത്ത് സ്വീകരിച്ച ഒരു സാഹിബുമായി പണ്ഡിതനും ഗ്രന്ഥകാരനുമായ ഒരു മുബല്ലിഗിന്റെ സാന്നിധ്യത്തിൽ മണിക്കൂറോളം സംസാരിച്ചു. ചോദ്യങ്ങൾക്കൊന്നും മറുപടി പറയാനാകാതെ, ഒടുവിൽ യാത്ര പറയുമ്പോൾ 'ഇനിയെന്ത്' എന്ന് സാഹിബിനോടുള്ള ചോദ്യത്തിന് മറുപടിയായി മുബല്ലിഗ് പറഞ്ഞു: 'എനിക്ക് ഒരുപാട് കെട്ടുപാടുകളുണ്ട്. അതുകൊണ്ട് സാഹിബ് വേണമെങ്കിൽ തിരിച്ചുപൊയ്ക്കോളൂ.'

ഈ നിലപാട് സ്വീകരിച്ചാലുള്ള ഫലം ശാശ്വത നരകജീവിതമായിരിക്കും. ഇവിടുത്തെ കെട്ടുപാടുകൾക്ക് ഏതാനും വർഷത്തെ ആയുസ്സ് മാത്രമെ ദൈർഘ്യമുള്ളൂ. അതിനുവേണ്ടി ശാശ്വതമായ സ്വർഗമാണ് നിങ്ങൾ നിസ്സാര വിലയ്ക്കു വിൽക്കുന്നത് എന്ന് ഓർക്കുക.

**പെണ്ണിന്റെ നെറ്റിയിൽ നമ്പറിടുന്നു!**

'അമീർ ഖാന്റെ വിധവയുടെ നെറ്റിയിൽ അവളുടെ ഭർത്താവ് മരിച്ച ദിവസം അഞ്ചോ ആറോ ഏഴോ എന്ന് എഴുതിയതായി ഞാൻ കണ്ടു. അത് മായ്ച്ചുകളയുകയും അവളുടെ നെറ്റിയിൽ തൽസ്ഥാനത്ത് 6 എന്നെഴുതുകയും ചെയ്തു. ഇത് ഒരു ജാഗ്രദ് ദർശനമോ സത്യസ്വപ്നമോ ആണ്. അല്ലാഹു തന്റെ ദൂതന്മാർക്ക് വിവിധ മാധ്യമങ്ങളിലൂടെയാണ് സുവിശേഷങ്ങളും താക്കീതുകളും നൽകിയിരുന്നത്. മലക്കിനെ നിയോഗിച്ചുകൊണ്ടുള്ള വഹ്യുകൾക്ക് പുറമെ സത്യസ്വപ്നങ്ങളിലൂടെയും ജാഗ്രദ് ദർശനങ്ങളിലൂടെയും പ്രവാചകന്മാർക്ക് സന്ദേശങ്ങൾ നൽകിയതായി കാണാം.'

പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രവാചകത്വവാദവുമായി രംഗത്ത് വന്ന മിർസാ ഗുലാം അഹ്മദ് ഖാദിയാനി സമർപ്പിച്ച 'ദൈവിക സന്ദേശങ്ങളിൽ' ഒന്നാണ് മേലുദ്ധരിച്ചത്. 1908 ജനുവരി 5ന് ഉണ്ടായ ഒരു ദർശനമാണ് അഹ്മദിയാ ജമാഅത്തിന്റെ മുഖപത്രങ്ങളായ 'ബദറി'ലും(23.1.1908) 'അൽഹകമി'ലും (22.1.1908) പ്രസിദ്ധീകരിച്ചതും പിൽക്കാലത്ത് ക്രോഡീകരിച്ച 'തദ്കിറ'യിൽ 1244ാം നമ്പറായി എടുത്തു ചേർത്തതും (പേജ് 633).

ഈ പറഞ്ഞ കാര്യത്തിൽ വായനക്കാർക്ക് സ്വാഭാവികമായും എന്തെങ്കിലും അവ്യക്തത ഉണ്ടാകും. ആ വചനങ്ങളെ നേർക്കുനേരെ മൊഴിമാറ്റുക മാത്രമാണ് ചെയ്തത്. ഇതിലൂടെ മിർസാ ഖാദിയാനി സ്വന്തം അനുയായികൾക്കു നൽകുന്ന സന്ദേശം

ക്കുക സ്വാഭാവികമാണ്. എന്നല്ല, അത് അനിവാര്യവുമാണല്ലോ. അതിന്റെ അർഥവും ആശയവും അവർക്ക് അന്വേഷിക്കേണ്ട കാര്യമില്ല. ആ ചിന്ത പോലും തെറ്റാണെന്ന് അവർ കരുതുന്നു.

എന്നാൽ ഇത്തരം വചനങ്ങളുടെ ആശയവും പൊരുളും തേടുന്നവർക്ക്, സ്വന്തം മനസ്സാക്ഷിയെ വഞ്ചിക്കാതെ മുൻ പ്രവാചകന്മാർക്ക് നൽകപ്പെട്ടതുപോലുള്ള ദൈവത്തിന്റെ വചനങ്ങളാണ് ഇതെന്ന് വിശ്വസിക്കാനാവില്ല.

ഖാദിയാനി വിഭാഗം പ്രസിദ്ധീകരിച്ച മിർസായുടെ വഹ്‌യുകളുടെ സമാഹാരമായ 'തദ്കിറ'യിലെ വഹ്‌യുകളും സ്വപ്ന ജാഗ്രദ് ദർശനങ്ങളുമാണ് നാം വായിക്കുന്നത്.

മിർസയുടെ വഹ്‌യുകൾ ആദ്യമായി ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചത് ഖാദിയാനികളല്ല, മറിച്ച് അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ നിരാകരിക്കുന്ന, അദ്ദേഹം മഹ്ദിയും മസീഹും മുജദ്ദിദും മാത്രമാണെന്ന് വിശ്വസിക്കുന്ന ലാഹോരികൾ എന്നറിയപ്പെടുന്ന വിഭാഗമാണ്.

1908ൽ മിർസാ ഖാദിയാനിയുടെ മരണംവരെയും 1914 വരെയുള്ള ഒന്നാം ഖലീഫയുടെ കാലത്തും ഒരേ വിശ്വാസവും ആദർശവുമായി ജീവിച്ച പ്രവാചകന്റെ അനുയായികൾ രണ്ടാം ഖലീഫയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ് നെടുകെ പിളർന്നത്. പിന്നീട് ഖാദിയാൻ കേന്ദ്രമായി പ്രവർത്തിച്ചവർ മിർസയുടെ മകൻ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദിനെ ഖലീഫയായി സ്വീകരിക്കുകയും ഖാദിയാനികൾ എന്ന് അറിയപ്പെടുകയും ചെയ്തു. പണ്ഡിതന്മാരും നേതാക്കളും താരതമ്യേന കൂടുതലുള്ള മറുവിഭാഗത്തിന്റെ ഖലീഫ മൗലവി മുഹമ്മദലി ആയിരുന്നു. ഉർദുവിലും ഇംഗ്ലീഷിലും ബിരുദാനന്തര ബിരുദം നേടിയ മൗലവി രണ്ടു ഭാഷകളിലും ഖുർആൻ വ്യാഖ്യാനം രചിച്ചു. അവർ ലാഹോർ കേന്ദ്രമാക്കിയതിനാൽ 'ലാഹോരികൾ' എന്ന് അറിയപ്പെട്ടു.

**മിർസക്ക് ലഭിച്ച വഹ്‌യുകളും കശ്ഫുകളും സ്വപ്നദർശനങ്ങളുമാണ് തദ്കിറയുടെ ഉള്ളടക്കം. ആദ്യ പതിപ്പിൽ അവയുടെ ആകെ എണ്ണം 1204 മാത്രമായിരുന്നു. വർഷങ്ങൾക്ക് ശേഷം രണ്ടാം പതിപ്പിൽ 373 എണ്ണം കൂടി ചേർത്തു. അവയിൽ ചിലത് നേരത്തെ കണ്ടെത്തിയിട്ടില്ലാത്ത, ഡയറിക്കുറിപ്പുകളിലും നോട്ടുപുസ്തകങ്ങളിലും ചില വ്യക്തികൾക്കയച്ച കത്തുകളിലും പാകിസ്ഥാനിലെ ഖിലാഫത്ത് ലൈബ്രറിയിൽ കൈയെഴുത്തുപ്രതി മാത്രമുള്ള തഅ്തീറുൽ അനാം എന്ന കൃതിയിലുംനിന്ന് എടുത്തു ചേർത്തവയാണ്.**

പിളർപ്പിന് നിമിത്തമായത് അധികാര ത്വരയാണെങ്കിലും പിളർപ്പ് യാഥാർഥ്യമായതോടെ അതിന് ആദർശത്തിന്റെ പരിവേഷം നൽകപ്പെട്ടു. മിർസാ ഖാദിയാനി നബിയാണോ അല്ലേ, അദ്ദേഹത്തെ അവിശ്വസിക്കുന്നവർ കാഫിറാണോ അല്ലേ, ഇത്യാദി അടിസ്ഥാന കാര്യങ്ങളിലും ഭിന്നാഭിപ്രായം ഉടലെടുത്തു.

പിന്നീട് പലപ്പോഴും പ്രവാചകത്വവാദികൾ രംഗത്ത് വരികയും സ്വന്തം മതവിഭാഗമുണ്ടാക്കി അഹ്മദിയാ ജമാഅത്തിനെ പിളർത്തുകയും ചെയ്തു. ഏറ്റവും ഒടുവിൽ 2000ാമാണ്ടിൽ മൗറീഷ്യസിലാണ് പുതിയ പ്രവാചകൻ അവതരിച്ചത്.

ഇസ്‌ലാമിക ഖിലാഫത്തിൽ നിന്ന് വ്യത്യസ്തമായി രണ്ടുവിഭാഗത്തിന്റെയും ഖലീഫമാർക്ക് വഹ്‌യ് ലഭിക്കുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. മനുഷ്യർ തെരഞ്ഞെടുക്കുന്ന ഖലീഫമാർക്ക് അല്ലാഹു വഹ്‌യ് നൽകുന്നു എന്നത് ഈ പുതിയ മതത്തിന്റെ സവിശേഷതയായി മനസ്സിലാക്കാം.

ലാഹോരികളുടെ വഹ്‌യ് സമാഹാരമായ 'അൽബുശ്റാ' രണ്ടു വാല്യങ്ങളാണ്. അതിന്റെ കോപ്പികൾ ഇപ്പോൾ ലഭ്യമല്ല. ലാഹോരീ വിഭാഗത്തെക്കുറിച്ച് അവതരിച്ച വഹ്‌യുകൾ എന്ന വ്യാഖ്യാനത്തോടെ ചിലത് ഹൈലൈറ്റ് ചെയ്തപ്പോൾ, അത് വാങ്ങുന്നത് വിലക്കിയ ഖലീഫയുടെ നിർദേശപ്രകാരമാണ് വർഷങ്ങൾക്കു ശേഷം 'തദ്കിറ' എന്ന പേരിൽ സ്വന്തമായി സമാഹാരം പ്രസിദ്ധീകരിച്ചത്.

### പഴയനിയമവും പുതിയനിയമവും

തദ്കിറയുടെ മഹത്ത്വമാകട്ടെ ഖാദിയാനി വിഭാഗം വാചാലമായി വിശദീകരിച്ചിട്ടുണ്ട്. ഖുർആൻ 30 ജുസ്ഉം ഖാദിയാനി വഹ്‌യുകളുടെ 20 ജുസ്ഉം ചേർന്ന് 50 ജുസ്ഉകളാണ് അവരുടെ ദിവ്യഗ്രന്ഥം, ബൈബിൾ പഴയനിയമവും പുതിയനിയമവും പോലെ.

മിർസക്ക് ലഭിച്ച വഹ്‌യുകളും കശ്ഫുകളും സ്വപ്നദർശനങ്ങളുമാണ് തദ്കിറയുടെ ഉള്ളടക്കം. ആദ്യ പതിപ്പിൽ അവയുടെ ആകെ എണ്ണം 1204 മാത്രമായിരുന്നു. വർഷങ്ങൾക്ക് ശേഷം രണ്ടാം പതിപ്പിൽ 373 എണ്ണം കൂടി ചേർത്തു. അവയിൽ ചിലത് നേരത്തെ കണ്ടെത്തിയിട്ടില്ലാത്ത, ഡയറിക്കുറിപ്പുകളിലും നോട്ടുപുസ്തകങ്ങളിലും ചില വ്യക്തികൾക്കയച്ച കത്തുകളിലും പാകിസ്ഥാനിലെ ഖിലാഫത്ത് ലൈബ്രറിയിൽ കൈയെഴുത്തുപ്രതി മാത്രമുള്ള തഅ്തീറുൽ അനാം എന്ന കൃതിയിലുംനിന്ന് എടുത്തു ചേർത്തവയാണ്.

തദ്കിറയിൽ അറബി, ഉർദു, പേർഷ്യൻ, ഇംഗ്ലീഷ് തുടങ്ങി വിവിധ ഭാഷകളിൽ 'വഹ്‌യു'കളുണ്ട്. കൂട്ടത്തിൽ ചില അക്കങ്ങളും ചിഹ്നങ്ങളും അവതരിച്ചിട്ടുണ്ട്.

**വിഭജനാനന്തരം ഖാദിയാനിൽനിന്ന് പാകിസ്ഥാനിലേക്ക് പോയതോടെ ഭംഗിയായി പുലർന്നുവെന്ന് ഖാദിയാനികൾ അവകാശപ്പെടുന്ന ഈ 'മഹത്തായ ഇൽഹാം' 1894ലാണ് അവതരിച്ചത്. അന്ന് എഴുതിവെച്ച, നഷ്ടപ്പെട്ടുപോയ ഈ നോട്ടുബുക്ക് 44 വർഷങ്ങൾക്കു ശേഷം 1938ലാണ് രണ്ടാം ഖലീഫക്ക് ലഭിക്കുന്നത്. 1935ലെ തദ്കിറയുടെ ഒന്നാം പതിപ്പിൽ സ്വാഭാവികമായും ഇത് ചേർക്കാൻ സാധിച്ചില്ല. ഒമ്പതു വർഷങ്ങൾക്കു ശേഷം പുലരാൻ പോകുന്ന 'മഹത്തായ പ്രവചനം' ആയിട്ടുപോലും ഇങ്ങനെ ഒരു ഇൽഹാം കണ്ടെത്തിയ വിവരം ഖലീഫ ആരോടും പറഞ്ഞില്ല. 1947ൽ ഈ പ്രവചനം 'ഭംഗിയായി പുലർന്നപ്പോഴും' അദ്ദേഹം മിണ്ടിയില്ല**

പലതിനും 'അല്ലാഹുതന്നെ' ഉർദുവിൽ മൊഴി മാറ്റിയിട്ടുണ്ട്. ചിലത് സ്വയം തർജമ ചെയ്തവയും മറ്റു ചിലത് ക്രോഡീകരിച്ചയാൾ വിവർത്തനം ചെയ്തവയുമാണ്. എന്നാൽ ഇതിനൊന്നും വഴങ്ങാത്ത വചനങ്ങളും ധാരാളമുണ്ട്. അവതരണ പശ്ചാത്തലവും മറ്റും വിശദീകരിച്ചവയും കാണാനാവും.

**നഷ്ടപ്പെട്ട താളുകൾ**

2004ൽ പാകിസ്ഥാനിൽനിന്ന് പ്രസിദ്ധീകരിച്ച നാലാം പതിപ്പിന്റെ മുഖവുരയിൽ പറയുന്നു: "ഇതിൽ ഹുസൂർ സ്വന്തം കൈപ്പടയിൽ നോട്ടുബുക്കിൽ എഴുതിവെച്ച, 1894 ആഗസ്റ്റ് 17 മുതൽ ഡിസംബർ 21 വരെ തീയതികളിലെ ഇൽഹാമുകളും കശ്ഫുകളും സ്വപ്നങ്ങളും കൂടി ചേർക്കാൻ നാലാം ഖലീഫ മിർസാ താഹിർ അഹ്മദ് നിർദേശിച്ചിട്ടുണ്ട്."

ഇവ പക്ഷേ, 2004ൽ കണ്ടെത്തിയതല്ല. 1938ൽ രണ്ടാം ഖലീഫ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖുത്വുബയിൽ പറഞ്ഞത് ഇങ്ങനെയാണ്:

"ഇന്നലെ യാദൃച്ഛികമായി ചില സാക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പഴയ കടലാസുകൾ പരതിയപ്പോൾ മസീഹിന്റെ സ്വന്തം കൈപ്പടയിലുള്ള ഈ നോട്ടുബുക്ക് ലഭിച്ചു. കടലാസുകൾക്കിടയിലെവിടെയോ നഷ്ടപ്പെട്ടതായിരുന്നു അത്. അതിനാൽ ഈ ഇൽഹാമുകൾ ജമാഅത്ത് സാഹിത്യത്തിലെങ്ങും ചേർക്കാൻ പറ്റിയില്ല. എവിടെയും അച്ചടിക്കാത്തതിനാൽ ഈ ഇൽഹാമുകൾ പിന്നീട് ഉണ്ടാക്കിയതാണോ എന്ന് ചിലർ ചോദിച്ചേക്കാം. മസീഹിന്റെ കൈയക്ഷരം തിരിച്ചറിയുന്ന നൂറുകണക്കിന് സുഹൃത്തുക്കൾ ഇപ്പോഴും ജീവിച്ചിരിപ്പുള്ളതുകൊണ്ട് അവർ സാക്ഷ്യം വഹിച്ചുകൊള്ളും" (അൽഫസൽ 31.8.1938).

തുടർന്ന് പറയുന്നു: "പിന്നെയും ഈ നോട്ടുപുസ്തകം നഷ്ടപ്പെട്ടു. വിഭജനാനന്തരം ഖാദിയാനിലെ നാസിർ അഅ്ലാ മിർസാ വസീം അഹ്മദ് കണ്ടെത്തുകയും 1982ൽ റബ്‌വയിലെ ഖിലാഫത്ത് ലൈബ്രറിയിൽ കൊടുക്കുകയും ചെയ്തു. നോട്ടുപുസ്തകത്തിലെ മറ്റ് ഇൽഹാമുകൾക്ക് പുറമെ 1894 സെപ്റ്റംബർ 18ന് അവതരിച്ച 'ദാഗെ ഹിജ്റത്' (പലായനത്തിന്റെ മുറിപാട്) എന്ന ഇൽഹാമും മസീഹ് തന്റെ തൃക്കൈ കൊണ്ട് എഴുതിവെച്ചിരുന്നു. അതും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്."


തുടർന്നുള്ള പേജുകളിൽ ഈ നോട്ടുബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് ചേർത്തിട്ടുണ്ട്. ഇതിൽ 215 മുതൽ 225 പേജുകളിലാണ് ഇവ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

**പലായനത്തിന്റെ മുറിപ്പാട്**

വിഭജനാനന്തരം ഖാദിയാനിൽനിന്ന് പാകിസ്ഥാനിലേക്ക് പോയതോടെ ഭംഗിയായി പുലർന്നുവെന്ന് ഖാദിയാനികൾ അവകാശപ്പെടുന്ന ഈ 'മഹത്തായ ഇൽഹാം' 1894ലാണ് അവതരിച്ചത്. അന്ന് എഴുതിവെച്ച, നഷ്ടപ്പെട്ടുപോയ ഈ നോട്ടുബുക്ക് 44 വർഷങ്ങൾക്കു ശേഷം 1938ലാണ് രണ്ടാം ഖലീഫക്ക് ലഭിക്കുന്നത്. 1935ലെ തദ്കിറയുടെ ഒന്നാം പതിപ്പിൽ സ്വാഭാവികമായും ഇത് ചേർക്കാൻ സാധിച്ചില്ല. ഒമ്പതു വർഷങ്ങൾക്കു ശേഷം പുലരാൻ പോകുന്ന 'മഹത്തായ പ്രവചനം' ആയിട്ടുപോലും ഇങ്ങനെ ഒരു ഇൽഹാം കണ്ടെത്തിയ വിവരം ഖലീഫ ആരോടും പറഞ്ഞില്ല. 1947ൽ ഈ പ്രവചനം 'ഭംഗിയായി പുലർന്നപ്പോഴും' അദ്ദേഹം മിണ്ടിയില്ല!

എന്തതിശയമേ, ഈ നോട്ടുപുസ്തകം വീണ്ടും നഷ്ടപ്പെടുകയാണ്. വീണ്ടും കൃത്യം 44 വർഷങ്ങൾക്കു ശേഷം 1982ലാണ് തിരികെ കിട്ടുന്നത്. അന്നത്തെ ഖലീഫ നാലാമനാണ് ഈ 'മഹത്തായ വഹ്‌യ്' ആദ്യമായി കാണുന്നതും പ്രവചന സാക്ഷാത്കാരത്തെപ്പറ്റി പറയുന്നതും. പിന്നെയും 22 വർഷങ്ങൾക്ക് ശേഷം 2004ലെ പതിപ്പിലാണ് ഈ വഹ്‌യ് നമുക്ക് വായിക്കാൻ കഴിയുക. അപ്പോഴേക്കും പലായനത്തിന്റെ മുറിപ്പാടിന് 110 വർഷത്തെ പഴക്കം ആയിരിക്കുന്നു!

**(തുടരും)**





**കൈ**പ്പുകാരണംപലർക്കും ഇഷ്ടമില്ലാത്ത ഒരു പച്ചക്കറിയാണ് പാവയ്ക്ക. എന്നാൽ ഇത് ഏറെ ഗുണങ്ങളുള്ള ഒന്നാണ്. ഇരുമ്പ് ധാരാളം അടങ്ങിയ പാവയ്ക്കയിൽ പൊട്ടാസ്യം, വിറ്റാമിൻ സി, മഗ്നീഷ്യം, സിങ്ക്, ഫോസ്ഫറസ്, മാംഗനീസ്, ഭക്ഷ്യനാരുകൾ, കാത്സ്യം എന്നിവയും അടങ്ങിയിട്ടുണ്ട്. ശരീരത്തിന്റെ പ്രതിരോധശേഷി കൂട്ടുന്നതിനും കരളിന്റെയും കണ്ണിന്റെയും ആരോഗ്യത്തിനും രക്തസമ്മർദവും രക്തത്തിലെ പഞ്ചസാരയും കുറയ്ക്കുന്നതിനും കയ്പക്ക അഥവാ പാവയ്ക്ക സഹായിക്കും. പാവയ്ക്കയിൽ നാരുകൾ അഥവാ ഫൈബർ ധാരാളം അടങ്ങിയിരിക്കുന്നു. അതിനാൽ ഇത് മലബന്ധത്തിന് പരിഹാരമാണ്. അതുകൊണ്ടുതന്നെ മലബന്ധ പ്രശ്നമുള്ളവർ പതിവായി പാവയ്ക്ക കഴിക്കുന്നത് നല്ലതാണ്. പാവയ്ക്കകൊണ്ടുള്ള ഒരു വിഭവമാണ് ഇന്ന് പരിചയപ്പെടുത്തുന്നത്.

# പാവയ്ക്കാ തോരൻ

സലീന ബിൻത് മുഹമ്മദലി

**ആവശ്യമായവ:**

പാവയ്ക്ക: 2 എണ്ണം (ചെറുതായി കൊത്തിയരിഞ്ഞത്).

തേങ്ങ ചിരകിയത്: 1 കപ്പ്.

തേങ്ങ കനം കുറഞ്ഞ കഷ്ണങ്ങളാക്കിയത്: കാൽ കപ്പ്.

സവാള: 1 എണ്ണം (ചെറുതായി കൊത്തിയരിഞ്ഞത്).

പച്ചമുളക്: 6 എണ്ണം (ചെറുതായി വട്ടത്തിൽ അരിഞ്ഞത്).

മഞ്ഞൾപൊടി: കാൽ ടീ സ്പൂൺ.

വെളിച്ചെണ്ണ: ആവശ്യത്തിന്.

അരി: ഒരു ടീ സ്പൂൺ.

കടുക്: അര ടീ സ്പൂൺ.

വറ്റൽ മുളക്: 3 എണ്ണം.

കറിവേപ്പില: ഒരു തണ്ട്.

ഉപ്പ്: പാകത്തിന്.



**തയ്യാറാക്കുന്ന വിധം:**

ഒരു പാനിൽ എണ്ണ ചൂടാക്കുക. കഷണങ്ങളാക്കിയ തേങ്ങ വറുത്തു മാറ്റുക. ശേഷം കടുകും വറ്റൽ മുളകും ഇട്ട് വറക്കുക. കടുക് പൊട്ടിക്കഴിയുമ്പോൾ അരി വറക്കുക. അരി ചുവന്നു തുടങ്ങുമ്പോൾ സവാള, പച്ചമുളക് എന്നിവ ചേർക്കുക.

സവാളയുടെ നിറം മാറിത്തുടങ്ങുമ്പോൾ പാവയ്ക്ക അരിഞ്ഞത് ചേർക്കുക. ആവശ്യമായ ഉപ്പു ചേർത്ത് കുറച്ചു അൽപം വെള്ളം ഒഴിച്ച് (വെള്ളം കൂടിപ്പോകരുത്) പാവയ്ക്ക വേവിക്കുക. ഇടയ്ക്ക് അടപ്പ് മാറ്റി ചിരകിയ തേങ്ങ ചേർക്കുക. ഇതിനുശേഷം നല്ലതുപോലെ ഇളക്കി വെള്ളം വറ്റുന്നതുവരെ വേവിക്കുക. കറിവേപ്പിലയും മാറ്റിവെച്ച വറുത്ത തേങ്ങക്കഷണങ്ങളും ചേർത്ത ശേഷം തീ അണക്കുക. (കൂടുതൽ തേങ്ങ ചിരകിയത് ചേർത്താൽ പാവക്കയുടെ കൈപ്പ് അത്ര അറിയില്ല).



4

അഭിമുഖം

# ഇസ്‌ലാം: പ്രബോധനം, പ്രസ്ഥാനം
## ചില സമകാലിക ചിന്തകൾ

ടി.കെ.അശ്‌റഫ് / ഉസ്മാൻ പാലക്കാഴി

? *വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കാസർഗോഡ് പട്‌ലയിൽ സംഘടിപ്പിച്ച പതിനൊന്നാമത് ആദർശ സമ്മേളനം സമസ്തക്കുള്ള മറുപടി പ്രസംഗമായി മാറിയതായും ഇതിനു മുമ്പ് കഴിഞ്ഞ ആദർശ സമ്മേളനങ്ങളിലെല്ലാം വിഷയാവതരണങ്ങൾക്കായിരുന്നു ഊന്നൽ നൽകിയിരുന്നത് എന്നും ആളുകൾ വിലയിരുത്തുന്നുണ്ട്. ഈ മാറ്റം അനിവാര്യമായിരുന്നോ?*

! കാസർഗോഡ് സമ്മേളനം സമസ്തക്കുള്ള മറുപടിയായി മാറിയതല്ല. അതിന്റെ പ്രധാന ഭാഗം അങ്ങനെയാകണമെന്ന് സംഘടന തീരുമാനിച്ചതാണ്. യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങളാണ് സമസ്തയുടെ സമ്മേളനത്തിലും മറ്റു പരിപാടികളിലും അവർ പറഞ്ഞുവെച്ചത്. അഹ്‌ലുസ്സുന്നയുടെ ആദർശത്തിനും മുജാഹിദ് പ്രസ്ഥാനത്തിന്റെ മുൻഗാമികൾക്കും നേരെ അവരുടെ പ്രസിഡന്റ് അടക്കമുള്ളവർ തീവ്രമായ ഭാഷയിൽ വിമർശനവുമായി രംഗത്ത് വരുമ്പോൾ അതിന്റെ നിജസ്ഥിതി ജനങ്ങളെ ബോധ്യപ്പെടുത്തുകയും ആദർശ വ്യക്തത വരുത്തുകയും ചെയ്യുക എന്നത് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ അതിന്റെ ബാധ്യതയായി കാണുകയാണ്. ബഹുമാന്യ പണ്ഡിതൻ

ഹുസൈൻ സലഫിയും അബ്ദുൽ മാലിക് സലഫിയും സമസ്ത ഉയർത്തിയ ആരോപണങ്ങൾക്ക് വ്യക്തമായ മറുപടി പറയുന്നതോടൊപ്പം, അവരുടെ പ്രഭാഷകർ പൊതുസമൂഹത്തിൽ യാതൊരു ജാള്യവുമില്ലാതെ നടത്തിക്കൊണ്ടിരിക്കുന്ന കള്ളക്കറാമത്തു കഥകളെ പരസ്യവിചാരണക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

മൃഗങ്ങളുടെ പേരിൽ വരെ ജാറങ്ങൾ ഉയരുന്നു. ശിയാക്കളുടേതിന് സമാനമായ ദിക്ർ ഹൽഖകൾ കേരളത്തിൽ നട്ടുപിടിപ്പിക്കുന്നു. ഇതെല്ലാം ഏതൊരു സാധാരണക്കാരനും വീണ്ടുവിചാരത്തിന് പ്രേരണയാകും വിധം ഗുണകാംക്ഷയോടെ തുറന്നുകാട്ടിയിട്ടുണ്ട്. ഈ പറഞ്ഞ വിഷയങ്ങൾക്കൊന്നും അവർക്ക് മറുപടി ഉണ്ടാകില്ലെന്നറിയാം. മറുപടി പറയാനായി രംഗത്തു വരുന്നവരാകട്ടെ, മറ്റു ദുരാരോപണങ്ങൾ ഉയർത്തി പുകമറയുണ്ടാക്കി രക്ഷപ്പെടാൻ ശ്രമിക്കുകയേ ഉള്ളൂ. അവർക്ക് നേരെ നാം ഉയർത്തിയ വിഷയങ്ങളെ തൊടാൻ പോലും സാധിക്കില്ല. ഈവിധം അവരെ പ്രതിരോധത്തിലാക്കുകയെന്നത് അനിവാര്യമാണ്. കേരളത്തിൽ എവിടെയും ഇത്തരം വാദങ്ങളുമായി ആര് കടന്നുവന്നാലും പ്രാദേശിക കമ്മിറ്റികളുടെ നേതൃത്വത്തിൽ അതിന് വ്യക്തമായ മറുപടികൾ നൽകുന്നത് വരും ദിവസങ്ങളിലും തുടരും. വ്യക്തികളോടല്ല നമുക്ക് വിരോധം; അവർ പറയുന്ന ഇസ്‌ലാം വിരുദ്ധആശയത്തോടാണ്.

? *വിഷയങ്ങൾ ഇങ്ങനെയാണെങ്കിലും കാസർഗോഡ് സമ്മേളനത്തിൽ നവജാത ശിശുവിന്റെ ചെവിയിൽ ബാങ്ക് വിളിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒരു പ്രഭാഷകൻ നടത്തിയ പരാമർശം സാമൂഹ്യ മാധ്യമങ്ങളിൽ വലിയ ചർച്ചാവിഷയമായി മാറിയിരിക്കുകയാണ്. അതിനോടുള്ള പ്രതികരണം?*

**മൃഗങ്ങളുടെ പേരിൽ വരെ ജാറങ്ങൾ ഉയരുന്നു. ശിയാക്കളുടേതിന് സമാനമായ ദിക്ർ ഹൽഖകൾ കേരളത്തിൽ നട്ടുപിടിപ്പിക്കുന്നു. ഇതെല്ലാം ഏതൊരു സാധാരണക്കാരനും വീണ്ടുവിചാരത്തിന് പ്രേരണയാകും വിധം ഗുണകാംക്ഷയോടെ തുറന്നുകാട്ടിയിട്ടുണ്ട്. ഈ പറഞ്ഞ വിഷയങ്ങൾക്കൊന്നും അവർക്ക് മറുപടി ഉണ്ടാകില്ലെന്നറിയാം. മറുപടി പറയാനായി രംഗത്തു വരുന്നവരാകട്ടെ, മറ്റു ദുരാരോപണങ്ങൾ ഉയർത്തി പുകമറയുണ്ടാക്കി രക്ഷപ്പെടാൻ ശ്രമിക്കുകയേ ഉള്ളൂ. അവർക്ക് നേരെ നാം ഉയർത്തിയ വിഷയങ്ങളെ തൊടാൻ പോലും സാധിക്കില്ല. ഈവിധം അവരെ പ്രതിരോധത്തിലാക്കുകയെന്നത് അനിവാര്യമാണ്. കേരളത്തിൽ എവിടെയും ഇത്തരം വാദങ്ങളുമായി ആര് കടന്നുവന്നാലും പ്രാദേശിക കമ്മിറ്റികളുടെ നേതൃത്വത്തിൽ അതിന് വ്യക്തമായ മറുപടികൾ നൽകുന്നത് വരും ദിവസങ്ങളിലും തുടരും. വ്യക്തികളോടല്ല നമുക്ക് വിരോധം; അവർ പറയുന്ന ഇസ്‌ലാം വിരുദ്ധആശയത്തോടാണ്.**




**നവജാത ശിശുവിന്റെ ചെവിയിൽ ബാങ്ക് വിളിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലുള്ള അഭിപ്രായ വ്യത്യാസം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ആ വിഷയത്തിൽ ഉദ്ധരിക്കപ്പെട്ട ഹദീസുകൾ ദുർബലമായതിനാൽ അത് സുന്നത്തായി പരിഗണിക്കാറില്ല. അതോടൊപ്പം തന്നെ, പൂർവികരായ പല പണ്ഡിതന്മാരും ഈ വിഷയത്തെ മറ്റു ബിദ്അത്തുകളുടെ പട്ടികയിൽ എണ്ണി അടച്ചാക്ഷേപിച്ചതായും കാണാനാവില്ല. അവർ ഹദീസ് നിദാന ശാസ്ത്രത്തിലെ ചില തത്ത്വങ്ങൾ മുന്നിൽ വെച്ചാണ് ഈ സമീപനം സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ഇത്തരം വിഷയങ്ങളിൽ വിശാല സമീപനമാണ് സ്വീകരിക്കേണ്ടത് എന്നുതന്നെയാണ് സംഘടനയുടെ നിലപാട്.**

! ഞാൻ നേരത്തെ പറഞ്ഞല്ലോ, അതിശക്തമായ ആഘാതമാണ് സമസ്തക്ക് കാസർകോഡ് പരിപാടിയിലൂടെ സംഭവിച്ചിരിക്കുന്നത്. സമ്മേളനം ഉയർത്തിയ ഓരോ വിഷയവും അവർക്കിടയിൽ ചർച്ചയായാൽ സമസ്തയുടെ അടിത്തറതന്നെ ഇളകുമെന്ന് അവർക്ക് നന്നായറിയാം. അവർക്കിടയിൽ ഇപ്പോൾ മൂർച്ചിച്ചുകൊണ്ടിരിക്കുന്ന ആഭ്യന്തര ശൈഥില്യം മറനീക്കി പുറത്ത് വരുന്നതും അവർ നേരിടുന്ന മറ്റൊരു ഭീഷണിയാണ്. അതിന് തടയിടാൻ എന്തെങ്കിലും ഒരു പുൽക്കൊടി കിട്ടുമോ എന്ന ഗവേഷണത്തിനിടയിലാണ് നിങ്ങൾ പറഞ്ഞ പ്രഭാഷകന്റെ പരാമർശം എടുത്തുപയോഗിച്ച് നോക്കിയത്. ആ പ്രഭാഷണശകലമാകട്ടെ, പൊതുസമ്മേളനത്തിലേതല്ല; ഉച്ചക്ക് ശേഷം നടന്ന കുടുംബ സമ്മേളനത്തിലേതാണ്. സമ്മേളനത്തിലെ മുഖ്യ പ്രഭാഷണങ്ങളിൽ തങ്ങൾക്കെതിരിൽ പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയാൻ സാധ്യമാകാത്ത വിധം അവർ പ്രതിരോധത്തിലായിരിക്കുന്ന വേളയിൽ അത് മറച്ചുവെക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ ക്ലിപ്പുമായി നടക്കൽ.

നവജാത ശിശുവിന്റെ ചെവിയിൽ ബാങ്ക് വിളിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിലുള്ള അഭിപ്രായ വ്യത്യാസം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ആ വിഷയത്തിൽ ഉദ്ധരിക്കപ്പെട്ട ഹദീസുകൾ ദുർബലമായതിനാൽ അത് സുന്നത്തായി പരിഗണിക്കാറില്ല. അതോടൊപ്പം തന്നെ, പൂർവികരായ പല പണ്ഡിതന്മാരും ഈ വിഷയത്തെ മറ്റു ബിദ്അത്തുകളുടെ പട്ടികയിൽ എണ്ണി അടച്ചാക്ഷേപിച്ചതായും കാണാനാവില്ല. അവർ ഹദീസ് നിദാന ശാസ്ത്രത്തിലെ ചില തത്ത്വങ്ങൾ മുന്നിൽ വെച്ചാണ് ഈ സമീപനം സ്വീകരിച്ചിരിക്കുന്നത്. അതിനാൽ ഇത്തരം വിഷയങ്ങളിൽ വിശാല സമീപനമാണ് സ്വീകരിക്കേണ്ടത് എന്നുതന്നെയാണ് സംഘടനയുടെ നിലപാട്.

ഇസ്‌ലാമിക പ്രമാണങ്ങൾ മുന്നിൽവെച്ച് സലഫുകൾ നിരാക്ഷേപം സ്വീകരിച്ചുവരുന്ന കാര്യങ്ങളെ തള്ളിക്കളയുകയോ പ്രമാണത്തിൽ യാതൊരു വിധത്തിലും സ്ഥിരപ്പെടാത്തതുമായ ബിദ്അത്തുകളെ ഇസ്‌ലാമികാചാരങ്ങളായി സ്വീകരിക്കുകയോ ചെയ്യുന്നതിനെ കണിശമായി എതിർക്കുകതന്നെ ചെയ്യും. എന്നാൽ സ്ഥിരപ്പെട്ട പ്രമാണങ്ങളിൽ അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർക്കിടയിൽ വ്യാഖ്യാന വേളയിൽ ഉണ്ടാകുന്ന വീക്ഷണ വ്യത്യാസങ്ങളിൽ ഏതെങ്കിലും ഒന്നിനെ ഉയർത്തിപ്പിടിച്ച് പരസ്പരം തർക്കിക്കുകയെന്നത് നമ്മുടെ നിലപാടല്ല. അഭിപ്രായ വ്യത്യാസത്തിന് യാതൊരു സാധ്യതയുമില്ലാത്തതിൽ ഓരോരുത്തരുടെ ഇഛകൾക്ക് വഴങ്ങുന്നില്ലെന്ന് കരുതി അതിനെ പണ്ഡിതന്മാർക്കിടയിലെ വീക്ഷണ വ്യത്യാസത്തിന്റെ പട്ടികയിൽ ചേർക്കുന്നതും അംഗീകരിക്കാനാവില്ല. സത്യം മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുന്നവർ വിഷയങ്ങൾക്ക് കാത് കൊടുക്കും. അല്ലാത്തവർ വിവാദങ്ങൾക്ക് പിറകെ പോകും.




? *ഇനി മുതൽ വിദ്യാലയങ്ങളിൽ 'സർ' എന്ന വിളി വേണ്ട,*



*അധ്യാപകരെയും അധ്യാപിക മാരെയുമെല്ലാം 'ടീച്ചർ' എന്നു വളിച്ചാൽ മതി എന്ന, ബാലാ വകാശ കമ്മീഷന്റെ നിർദേശം ചർച്ചാവിഷയമാണല്ലോ. ഇങ്ങ നെയൊരു തീരുമാനമെടു ക്കാൻ പ്രേരിപ്പിച്ച ഘടകം എന്തായിരിക്കും? കുട്ടികൾ ക്ക് അതിൽ എന്താണ് ഉപകാ രമുള്ളത്? സർ എന്ന വളിയിൽ കുട്ടികൾക്ക് എന്ത് പ്രയാസമാ ണ് ഒളിഞ്ഞിരിക്കുന്നത്?*

! ഈയിടെയായി ബാലാവ കാശ കമ്മീഷനിൽ നിന്ന് പുറ ത്തുവന്നുകൊണ്ടിരിക്കുന്ന നിർ ദേശങ്ങൾ പരിശോധിക്കുമ്പോൾ ജെൻഡർ സാമൂഹിക നിർമിതിയാ ണെന്ന വീക്ഷണത്തിൽ സാമൂഹ്യ ഘടനയെ അട്ടിമറിക്കാൻ നടക്കു ന്ന അജണ്ടക്ക് കുഴലൂതുകയാണോ എന്ന് സംശയിക്കേണ്ടിവരുന്നു. ലിംഗനീതി ഉറപ്പാക്കുന്നുവെന്ന പ്രതീതി സൃഷ്ടിച്ച് ആൺ-പെൺ സ്വത്വങ്ങൾ തമ്മിലുള്ള പ്രകൃതി പരമായ വ്യത്യാസം തന്നെ ഇല്ലാ യ്മ ചെയ്യുന്ന ജെൻഡർ ന്യൂട്രൽ ആശയമാണ് കമ്മീഷന്റെ നിരീക്ഷ ണങ്ങളിൽ തെളിയുന്നത്.

ഇനി ജനിക്കുന്ന കുട്ടിക ളെ ആൺ-പെൺ വ്യത്യാസം തോന്നാതെ വളർത്തണം. വ്യ ത്യസ്ത കളിപ്പാട്ടങ്ങൾ നൽകരുത്. വസ്ത്രത്തിൽ വ്യത്യാസമുണ്ടാ കരുത്. കുട്ടികൾ വളർന്നശേഷം അവരുടെ ജെൻഡർ അവർ സ്വയം തീരുമാനിക്കട്ടെ എന്നൊക്കെയാ ണ് പുതിയ ജെൻഡർ തിയറി. അച്ഛൻ, അമ്മ എന്ന് പ്രയോഗിക്കരു ത് birthing people എന്ന് വിളിക്ക ണം. 'അവൻ,' 'അവൾ' എന്ന് പറയ രുത്. അവർ എന്നേ പറയാവൂ... ഇതെല്ലാം ജെൻഡർ തിയറി മുന്നോട്ട് വെക്കുന്ന ആശയങ്ങ ളാണ്. ജെൻഡർ കൺഫ്യൂഷൻ ഉള്ള ഒരു തലമുറയുടെ സൃഷ്ടിയാ യിരിക്കും ഇതിന്റെ ബാക്കിപത്രമെ ന്ന് പാശ്ചാത്യൻ നാടുകൾ വിളിച്ച് പറയുന്നുണ്ട്.

സർ, മേഡം എന്നൊന്നും വിളി ക്കരുത്, ടീച്ചർ എന്ന് വിളിച്ചാൽ മതിയെന്ന് പറഞ്ഞ ബാലാവ കാശ കമ്മീഷൻ 'സ്കൂളുകളിൽ മൊബൈൽ ഫോൺ ഉപയോ ഗിച്ചാൽ ആകാശം ഇടിഞ്ഞു വീഴുമോ' എന്നു ചോദിച്ചതിന്റെ ചൂടാറും മുമ്പാണ് ഈ നിർദേശം പുറപ്പെടുവിച്ചിട്ടുള്ളത്. കുട്ടികളു ടെ ശത്രുവാണ് അധ്യാപകർ എന്ന പ്രതീതി ഉണ്ടാക്കുന്ന തരത്തി ലാണ് നിരീക്ഷണം. കുട്ടികളിൽ നിഷേധാത്മകമായ അവകാശ ബോധം സൃഷ്ടിച്ച് സാമൂഹിക ക്ര മത്തെ കുത്തഴിഞ്ഞ അവസ്ഥയി ലേക്ക് തള്ളിവിടാൻ പാകത്തിൽ നൽകുന്ന ഇത്തരം നിർദേശ ങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് തള്ളിക്കളയണമെന്നാണ് പറയാ നുള്ളത്.

'ടീച്ചർ' എന്നത് പൊതുവായി, ലിംഗ വ്യത്യാസമില്ലാതെ നിലവിൽ പ്രയോഗിച്ചുവരുന്നുണ്ട്. അതിനെ ആരും പ്രശ്നവത്കരിച്ചിട്ടുമി ല്ല. ഇവിടെ സർ, മാഡം എന്ന് ഉപയോഗിച്ചു വരുന്നതിനെ വില ക്കുന്നതിലൂടെ ആൺ-പെൺ വ്യ ത്യാസം എവിടെയും പ്രകടമാകരു ത് എന്ന ജെൻഡർ തിയറി ഒളിച്ച് കടത്തുകയാണെന്ന് സംശയി ക്കേണ്ടിയിരിക്കുന്നു. സർ, മാഡം എന്നീ പ്രയോഗങ്ങളിൽ വിവേച നമുണ്ടെങ്കിൽ അതിന് പകരമു ള്ള പദങ്ങൾ കണ്ടെത്തുന്നതിന് ആരും എതിരല്ല. രണ്ടിനും ഒന്ന് മതിയെന്നത് അംഗീകരിക്കാനാ വില്ല. പുതിയ നിർദേശംകൊണ്ട് കുട്ടികൾക്കോ അവരെ പഠിപ്പിക്കു ന്നവർക്കോ എന്തെങ്കിലും നേട്ടമു ള്ളതായി മനസ്സിലാകുന്നില്ല.

**'ടീച്ചർ' എന്നത് പൊതുവായി, ലിംഗ വ്യത്യാസമില്ലാതെ നിലവിൽ പ്രയോഗിച്ചുവരുന്നുണ്ട്. അതിനെ ആരും പ്രശ്നവത്കരിച്ചിട്ടുമില്ല. ഇവിടെ സർ, മാഡം എന്ന് ഉപയോഗിച്ചു വരുന്നതിനെ വിലക്കുന്നതിലൂടെ ആൺ-പെൺ വ്യത്യാസം എവിടെയും പ്രകടമാകരുത് എന്ന ജെൻഡർ തിയറി ഒളിച്ച് കടത്തുകയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സർ, മാഡം എന്നീ പ്രയോഗങ്ങളിൽ വിവേചനമുണ്ടെങ്കിൽ അതിന് പകരമുള്ള പദങ്ങൾ കണ്ടെത്തുന്നതിന് ആരും എതിരല്ല. രണ്ടിനും ഒന്ന് മതിയെന്നത് അംഗീകരിക്കാനാവില്ല. പുതിയ നിർദേശംകൊണ്ട് കുട്ടികൾക്കോ അവരെ പഠിപ്പിക്കുന്നവർക്കോ എന്തെങ്കിലും നേട്ടമുള്ളതായി മനസ്സിലാകുന്നില്ല.**



# ദിക്ർ: പ്രാധാന്യവും മഹത്ത്വവും

**ശമീർ മദീനി**
: 9048 221 212

നാം നമ്മുടെ നിത്യജീവിതത്തിൽ പലരെക്കുറിച്ചും പലതിനെക്കുറിച്ചും ധാരാളമായി ഓർക്കാറുണ്ട്. ചിലർ മക്കളെയായിരിക്കും ഓർക്കുക. മറ്റു ചിലർ മാതാപിതാക്കളെ അല്ലെങ്കിൽ ഭാര്യയെ അഥവാ ഭർത്താവിനെ; അതുമല്ലെങ്കിൽ കൂട്ടുകാരെ... ഇങ്ങനെ പലരെയും ഓർക്കുകയും അവരെക്കുറിച്ചു വാചാലമായി പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും.

ചിലപ്പോൾ വീട്, വാഹനം, വസ്ത്രം, പ്രിയപ്പെട്ട മറ്റു വല്ല വസ്തുക്കൾ, അതല്ലെങ്കിൽ തന്റെ ജോലി അഥവാ ബിസിനസ് തുടങ്ങിയ പലതിനെയുമായിരിക്കും സദാ സ്മരിച്ചുകൊണ്ടിരിക്കുക

ചിലപ്പോൾ ശത്രുവിനെയോ തന്റെ രോഗത്തെയോ ബാധ്യതകളെയോ കടത്തെയോ കുറിച്ചായിരിക്കും ഏതു സമയവും ഓർത്തുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ടാണ് ഇവയെക്കുറിച്ചെല്ലാം ധാരാളമായി ഓർത്തുകൊണ്ടിരിക്കുന്നത്? ഒന്നുകിൽ കൂടുതൽ സ്നേഹിക്കുന്നതുകൊണ്ട്, അല്ലെങ്കിൽ കൂടുതൽ ആവശ്യമുള്ളതുകൊണ്ട്, അതുമല്ലെങ്കിൽ കൂടുതൽ ഭയക്കുന്നതുകൊണ്ട്!

എന്നാൽ ഏതു നിലയ്ക്ക് നോക്കിയാലും ഒരു സത്യവശ്വാസി ഏറ്റവുമധികം ഓർക്കേണ്ടതും സദാ സ്മരിക്കേണ്ടതും തന്റെ സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനെയാണ്. ഏതു കാര്യത്തിനും ഏതു സമയത്തും നമുക്കവനെ ആവശ്യമാണ്. അല്ലാഹു പറയുന്നു:

“മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു’’ (ക്വുർആൻ 35:15).

ഭക്ഷണം കഴിക്കാനും വെള്ളം കുടിക്കാനും തുടങ്ങി, സർവ കാര്യങ്ങൾക്കും പടച്ചവന്റെ കരുണയും സഹായവും സദാസമയവും നമുക്ക് വേണം. അന്നപാനീയങ്ങൾ തടസ്സമില്ലാതെ സ്വച്ഛമായി ഇറങ്ങിപ്പോകുവാനും പ്രയാസമില്ലാതെ വിസർജ്യങ്ങൾ പുറന്തള്ളുവാനും അവന്റെ കനിവില്ലെങ്കിൽ എങ്ങനെയാണ് സാധിക്കുക? ഈ സന്ദർഭങ്ങളിൽ പ്രാവർത്തികമാ

ക്കുവാനായി നബി(സ്വ) പഠിപ്പിച്ച ഒരു പ്രാർഥന ഏറെ പ്രസക്തമാണ്. നബി(സ്വ) വല്ലതും തിന്നുകയോ കുടിക്കുകയോ ചെയ്താൽ ഇപ്രകാരം പറയുമായിരുന്നു: "തീറ്റുകയും കുടിപ്പിക്കുകയും അവ സ്വച്ഛമായി ഇറങ്ങിപ്പോകുവാനും സുഗമമായി പുറന്തള്ളുവാനും സംവിധാനമൊരുക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും" (അബൂദാവൂദ്, നസാഈ, ഇബ്നുഹിബ്ബാൻ).

ശ്വാസം നേരാംവണ്ണം എടുക്കാനും പുറന്തള്ളാനും പോലും പടച്ച റബ്ബിന്റെ കാരുണ്യമില്ലെങ്കിൽ നമുക്ക് സാധ്യമല്ല. അത് തിരിച്ചറിഞ്ഞുകൊണ്ടാണ് പ്രഭാതത്തിലും പ്രദോഷത്തിലും നബി(സ്വ) ഇപ്രകാരം പ്രാർഥിക്കുകയും നമ്മോട് അതിന് നിർദേശിക്കുകയും ചെയ്തത്:

"അല്ലാഹുവേ, കണ്ണ് ഇമവെട്ടുന്ന നേരത്തേക്ക് പോലും നീ എന്റെ കാര്യങ്ങൾ എന്നിലേക്ക് തന്നെ എൽപിച്ചേക്കരുതേ" (നസാഈ, സിൽസിലതുസ്സ്വഹീഹ).

സത്യവിശ്വാസികൾ ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് അല്ലാഹുവിനെയാണ്. കാരണം ഭൗതികവും ആത്മീയവുമായ എല്ലാ അനുഗ്രഹങ്ങളും നൽകിയ അളവറ്റ ദയാപരനും കാരുണ്യവാനുമാണ് അവൻ. അല്ലാഹു പറയുന്നു:

"നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽനിന്നുള്ളതാകുന്നു. എന്നിട്ട് നിങ്ങൾക്കൊരു കഷ്ടത ബാധിച്ചാൽ അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്" (16:53).

അവനെയും അവന്റെ ദൂതനെയും കഴിഞ്ഞിട്ടേ മറ്റാരോടും സത്യവിശ്വാസിക്ക് സ്നേഹമുണ്ടാകാൻ പാടുള്ളൂ. അല്ലാഹു പറയുന്നു: "അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നതുപോലെ ഈ ആളുകൾ

**സത്യവിശ്വാസികൾ ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് അല്ലാഹുവിനെയാണ്. കാരണം ഭൗതികവും ആത്മീയവുമായ എല്ലാ അനുഗ്രഹങ്ങളും നൽകിയ അളവറ്റ ദയാപരനും കാരുണ്യവാനുമാണ് അവൻ. അവനെയും അവന്റെ ദൂതനെയും കഴിഞ്ഞിട്ടേ മറ്റാരോടും സത്യവിശ്വാസിക്ക് സ്നേഹമുണ്ടാകാൻ പാടുള്ളൂ. അപ്രകാരം തന്നെ യഥാർഥ വിശ്വാസികളും ഭക്തന്മാരും ഏറ്റവും കൂടുതൽ ഭയപ്പെടുന്നതും അല്ലാഹുവിനെയായിരിക്കും. ധാരാളമായി, നിരന്തരമായി രക്ഷിതാവിനെ ഓർക്കുവാനും വാഴ്ത്തുവാനും പ്രകീർത്തിക്കുവാനും നമുക്കാവണം. ജീവിതവിജയത്തിനും റബ്ബിന്റെ സഹായത്തിനും സ്വർഗപ്രവേശനത്തിനും ശത്രുവിനെതിരിൽ നിർഭയത്വത്തോടെ മുന്നേറുവാനും സ്ഥൈര്യത്തിനും സമാധാനത്തിനുമൊക്കെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും കീർത്തനങ്ങളും അനിവാര്യമാണ്.**

അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ..." (2:165).

അപ്രകാരം തന്നെ യഥാർഥ വിശ്വാസികളും ഭക്തന്മാരും ഏറ്റവും കൂടുതൽ ഭയപ്പെടുന്നതും അല്ലാഹുവിനെയായിരിക്കും. അല്ലാഹു പറയുന്നു:

"അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും, അദ്ദേഹത്തിന് (മകൻ) യഹ്‌യായെ നാം പ്രദാനം ചെയ്യുകയും, അദ്ദേഹത്തിന്റെ ഭാര്യയെ നാം (ഗർഭധാരണത്തിന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു" (21:90).

തങ്ങളുടെ രക്ഷിതാവിനെക്കുറിച്ചുള്ള കൃത്യവും വ്യക്തവുമായ അവരുടെ അറിവുകൊണ്ടാണവർക്ക് അതിന് സാധിക്കുന്നത്. നമുക്കതിന് പറ്റുന്നുണ്ടോ എന്ന് നാം ആലോചിക്കുക. നബി(സ്വ) പറയുന്നു:

"തന്റെ രക്ഷിതാവിനെ സ്മരിക്കുന്നവന്റെയും സ്മരിക്കാത്തവന്റെയും ഉപമ ജീവനുള്ളവനും ജീവനില്ലാത്തവനും പോലെയാണ്" (ബുഖാരി).

ധാരാളമായി, നിരന്തരമായി രക്ഷിതാവിനെ ഓർക്കുവാനും വാഴ്ത്തുവാനും പ്രകീർത്തിക്കുവാനും നമുക്കാവണം.

"നിങ്ങൾ ധാരാളമായി അല്ലാഹുവിനെ സ്മരിക്കുക" (33:41). "അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയാണ് ഏറ്റവും വലുത്"(29:45). "നിങ്ങൾ അല്ലാഹുവിനെ കൂടുതലായി ഓർക്കുക, നിങ്ങൾ വിജയിച്ചേക്കും" (62:10).

ജീവിതവിജയത്തിനും റബ്ബിന്റെ സഹായത്തിനും സ്വർഗപ്രവേശനത്തിനും ശത്രുവിനെതിരിൽ നിർഭയത്വത്തോടെ മുന്നേറുവാനും സ്ഥൈര്യത്തിനും സമാധാനത്തിനുമൊക്കെ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും കീർത്തനങ്ങളും അനിവാര്യമാണ്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ ഒരു (സൈന്യ) സംഘത്തെ കണ്ടുമുട്ടിയാൽ ഉറച്ചുനിൽക്കുകയും

അല്ലാഹുവെ അധികമായി ഓർമി ക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം'' (8:45).

സ്വർഗാവകാശികളെക്കുറിച്ച് പറഞ്ഞപ്പോൾ ഇക്കാര്യം പ്രത്യേ കം പരാമർശിച്ചത് ശ്രദ്ധേയമാണ്: "( അല്ലാഹുവിന്) കീഴ്‌പെടുന്നവ രായ പുരുഷൻമാർ, സ്ത്രീകൾ; വിശ്വാസികളായ പുരുഷൻമാർ, സ്ത്രീകൾ; ഭക്തിയുള്ളവരായ പുരുഷൻമാർ, സ്ത്രീകൾ; സത്യ സന്ധരായ പുരുഷൻമാർ, സ്ത്രീ കൾ; ക്ഷമാശീലരായ പുരുഷൻ മാർ, സ്ത്രീകൾ; വിനീതരായ പുരുഷൻമാർ, സ്ത്രീകൾ; ദാനം ചെയ്യുന്നവരായ പുരുഷൻമാർ, സ്ത്രീകൾ; വ്രതമനുഷ്ഠിക്കുന്നവ രായ പുരുഷൻമാർ, സ്ത്രീകൾ; തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരു ഷൻമാർ, സ്ത്രീകൾ; ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ-ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോ ചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു'' (33:35).

അല്ലാഹുവിനെക്കുറിച്ചുള്ള ശരിയായ ദിക്റുകൾ ശീലമാക്കി യവർക്ക് കണക്കുകൂട്ടലുകൾക്ക തീതമായ നന്മകളും നേട്ടങ്ങളും പ്രത്യേക അനുഗ്രഹങ്ങളും അവൻ നൽകുന്നതാണ്.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ (റഹി)യെക്കുറിച്ച് ശിഷ്യൻ ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നത് കാണുക: "മഹാന വർകൾ ഒരുദിവസംകൊണ്ട് എഴു തിത്തീർക്കുന്നത് പകർത്തിയെ ഴുതുന്നവർക്ക് ഒരാഴ്ചകൊണ്ടും പൂർത്തീകരിക്കാൻ സാധിക്കുമായി രുന്നില്ല'' (അൽവാബിലുസ്സ്വയ്യിബ്).

റബ്ബിനെ സ്മരിക്കുകയും അവന് സ്തോത്ര കീർത്തനങ്ങൾ അർപ്പി ക്കുകയും ചെയ്യുന്നതിലൂടെ പ്രത്യേ കമായ ആസ്വാദനവും അനുഭൂതി യും ലഭിക്കുകയെന്നത് വലിയ കാര്യമാണ്. ഹസനുൽ ബസ്വ്‌രി (റഹി) പറയുന്നു:

"നിങ്ങൾ മൂന്ന് കാര്യങ്ങളിൽ ഈമാനിന്റെ മാധുര്യ ആസ്വാദനം

**അല്ലാഹുവിനെക്കുറിച്ചുള്ള ശരിയായ ദിക്റുകൾ ശീലമാക്കിയവർക്ക് കണക്കുകൂട്ടലുകൾക്കതീതമായ നന്മകളും നേട്ടങ്ങളും പ്രത്യേക അനുഗ്രഹങ്ങളും അവൻ നൽകുന്നതാണ്. റബ്ബിനെ സ്മരിക്കുകയും അവന് സ്തോത്ര കീർത്തനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നതിലൂടെ പ്രത്യേകമായ ആസ്വാദനവും അനുഭൂതിയും ലഭിക്കുകയെന്നത് വലിയ കാര്യമാണ്. ത്താനും ആട്ടിയകറ്റാനും റബ്ബിനെ പ്രീതിപ്പെടുത്താനും സങ്കടങ്ങളും പ്രയാസങ്ങളും നീങ്ങാനും സന്തോഷവും സമാധാനവും കൈവരിക്കാനും മനസ്സിനും ശരീരത്തിനും പ്രത്യേകമായ ഉന്മേഷവും ഉർജസ്വലതയും സ്ഥൈര്യവും സ്വായത്തമാക്കാനുമൊക്കെ ദിക്ർ പതിവാക്കുന്നതിലൂടെ സാധിക്കുന്നതാണ്**

കണ്ടെത്തുക: 'നമസ്കാരത്തിലും ദിക്റിലും ക്വുർആൻ പാരായണ ത്തിലും. നിങ്ങൾക്കത് കണ്ടെ ത്താനായാൽ വലിയ കാര്യമാണ്. ഇല്ലെങ്കിലോ (റബ്ബുമായുള്ള ബന്ധ ത്തിന്റെ) വാതിൽ അടഞ്ഞുകിട ക്കുകയാണെന്ന് തിരിച്ചറിയുക! (അബൂനുഐം,'ഹിൽയ' യിൽ ഉദ്ധരിച്ചത്. ഇബ്നുൽ ക്വയ്യിമിന്റെ മദാരിജുസ്സാലികീനിലും ഇബ്നു റജബിന്റെ നുസ്ഹ ത്തുൽ അസ്മാ ഇലും കാണാം).

പിശാചിനെ പരാജയപ്പെടു ത്താനും ആട്ടിയകറ്റാനും റബ്ബിനെ പ്രീതിപ്പെടുത്താനും സങ്കടങ്ങളും പ്രയാസങ്ങളും നീങ്ങാനും സന്തോ ഷവും സമാധാനവും കൈവരി ക്കാനും മനസ്സിനും ശരീരത്തിനും പ്രത്യേകമായ ഉന്മേഷവും ഉർജസ്വ ലതയും സ്ഥൈര്യവും സ്വായത്ത മാക്കാനുമൊക്കെ ദിക്ർ പതിവാ ക്കുന്നതിലൂടെ സാധിക്കുന്നതാണ്. ഇബ്നുൽ ക്വയ്യിം(റഹി) തന്റെ 'അൽവാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിൽ ദിക്റിലൂടെ കിട്ടുന്ന എഴുപതിലധികം നേട്ടങ്ങൾ എണ്ണി പ്പറയുന്നുണ്ട്.

സദാസമയത്തും സത്യവിശ്വാ സികൾ അല്ലാഹുവിനെ ഓർക്കു ന്നവരായിരിക്കും. അതിന് വിവിധ രൂപങ്ങളും തലങ്ങളുമുണ്ട്.

അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും ഗ്രഹിക്കലും അവനെ സ്തുതിക്കലും വാഴ്ത്ത ലും ജീവിതത്തിൽ നാം ഇടപെടു ന്ന ഓരോ രംഗത്തുമുള്ള അവന്റെ വിധിവിലക്കുകൾ ഇന്നതൊക്കെ യാണെന്ന് അറിയലും അവിട ങ്ങളിലെല്ലാം അവ കർശനമായി പാലിക്കലും അല്ലാഹുവിനെ നാം കൃത്യമായി അറിയലും മറ്റുള്ളവർ ക്ക് ശരിയായ വിധത്തിൽ അവനെ പരിചയപ്പെടുത്തിക്കൊടുക്കലും നമുക്ക് ചെയ്തു തന്നിട്ടുള്ള അവന്റെ എണ്ണമറ്റ അനുഗ്രഹങ്ങളെക്കുറി ച്ചുള്ള ഓർമയും ശ്രദ്ധയുമെല്ലാം ദിക്റിന്റെ വിശാലമായ മേഖല യിൽ വരുന്നതാണ്. അല്ലാഹുവി ന്റെ സൃഷ്ടികളെക്കുറിച്ചും ദൃഷ്ടാ ന്തങ്ങളെക്കുറിച്ചുമുള്ള ചിന്തയും അതിലൂടെ റബ്ബിനെ വാഴ്ത്തലും ദിക്റിന്റെ പ്രധാന തലങ്ങളാണ്.

അല്ലാഹു പറയുന്നു: "നിന്നു കൊണ്ടും ഇരുന്നുകൊണ്ടും കിട ന്നുകൊണ്ടും അല്ലാഹുവെ ഓർമി ക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തി ച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന വരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർ ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണേ'' (3:191).

**(അവസാനിച്ചില്ല)**

# ആരോഗ്യവും ഒഴിവുസമയവും

**അമീൻ ഇബ്നു അഹ്മദ് കബീർ**
: 9946800240



ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: "രണ്ട് അനുഗ്രഹങ്ങൾ, ധാരാളം ആളുകൾ അവയുടെ കാര്യത്തിൽ വഞ്ചിതരാണ്; ആരോഗ്യവും ഒഴിവുസമയവും" (ബുഖാരി)

ആധുനിക മനുഷ്യൻ ഓട്ടത്തിലാണ്. ഭൗതിക ജീവിതം സുഖകരവും സുരക്ഷിതവുമാക്കാനുള്ള ഓട്ടം. ഉള്ള സമയം ആർക്കും തികയുന്നില്ല! സമയമില്ല എന്നതാണ് എല്ലാവവരുടെയും പരാതി. വാസ്തവത്തിൽ ശാസ്ത്ര, സാങ്കേതിക വിദ്യയുടെ വളർച്ചയും പുരോഗതിയും മനുഷ്യന്റെ പ്രവർത്തനങ്ങളെ ലഘൂകരിക്കുകയല്ലേ ചെയ്തിട്ടുള്ളത്? അവന് ഒഴിവുസമയം നേടിക്കൊടുക്കുകയല്ലേ ചെയ്തിട്ടുള്ളത്? മുമ്പൊക്കെ ഒരു കല്യാണത്തിന് വേണ്ടപ്പെട്ടവരെ ക്ഷണിക്കാൻ ദിവസങ്ങൾ ചെലവാക്കേണ്ടി വന്നിരുന്നു. പ്രയാസപ്പെട്ട് യാത്ര ചെയ്യേണ്ടിയിരുന്നു. കാരണം അന്ന് മൊബൈൽ ഫോൺ ഉണ്ടായിരുന്നില്ല. ലാന്റ് ഫോൺ പണക്കാരന്റെ വീട്ടിൽ മാത്രമാണ് ഉണ്ടായിരുന്നത്. സ്വകാര്യ വാഹനങ്ങൾ വളരെ കുറവായിരുന്നു. ഇന്ന് നാലു പേരുള്ള വീട്ടിൽ ആറ് മൊബൈൽ ഫോണെങ്കിലും ഉണ്ടാകും. വാഹനങ്ങൾ ഇല്ലാത്ത വീടുകൾ അപൂർവം. അരക്കാനും അലക്കാനും കാർഷികവൃത്തിക്കുമെന്നല്ല ഒട്ടുമിക്ക കാര്യങ്ങൾക്കും മെഷീനുകളും യന്ത്രങ്ങളുമുണ്ട്. മണിക്കൂറുകൾകൊണ്ട് ചെയ്തിരുന്ന ജോലി മിനുട്ടുകൾകൊണ്ട് ചെയ്തുതീർക്കാൻ സാധിക്കും.

പോഷകാഹാരക്കുറവുകൊണ്ട് ആരോഗ്യം ക്ഷയിച്ചവർ ഇന്ന് അപൂർവമാണ്. കൂടുതൽ ഭക്ഷിക്കുന്നതുകൊണ്ടുള്ള പ്രയാസങ്ങളാണ് പലർക്കുമുള്ളത്. ആരോഗ്യമാണെങ്കിലും ഒഴിവുസമയമാണെങ്കിലും വിലമതിക്കാനാവാത്ത അനുഗ്രഹമാണെന്ന് നാം തിരിച്ചറിയണം. അവ ലഭിക്കാതിരിക്കുമ്പോഴാണ്, അഥവാ നഷ്ടമാകുമ്പോഴാണ് നാം അവയുടെ വിലയറിയുക.

ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക എന്നത് ബാധ്യതയാണ്. അനുഗ്രഹങ്ങളെ അല്ലാഹുവിന് ഇഷ്ടപ്പെട്ട മാർഗത്തിൽ വിനിയോഗിക്കുന്നതിലൂടെയാണ് നന്ദി കാണിക്കേണ്ടത്. ഒഴിവുസമയം ലഭിച്ചാൽ അതിനെ തിന്മയുടെ മാർഗത്തിൽ ചെലവഴിക്കാനാണ് പലരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തന്റെ ആരോഗ്യം അല്ലാഹുവിന്റെ മാർഗത്തിൽ വിനിയോഗിക്കാൻ തയ്യാറാകുന്നില്ല. കായികമായി സഹായിക്കേണ്ടവരെ സഹായിക്കാൻ സന്നദ്ധത കാണിക്കുന്നില്ല. പ്രബോധനമാർഗത്തിൽ തന്റെ ആരോഗ്യം വിനിയോഗിക്കുന്നില്ല.

തനിക്ക് ഇനിയും കുറെ കാലം ജീവിക്കാൻ കഴിയുമെന്ന ചിന്തയാണ് പലരെയും ഇതിനു പ്രേരിപ്പിക്കുന്നത്. ഇത് അർഥശൂന്യമായ ചിന്തയാണ്. എപ്പോൾ എവിടെവെച്ച് മരണം കടന്നുവരുമെന്ന് ആർക്കും അറിയാൻ സാധ്യമല്ല. "...നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാ നിയുമാകുന്നു" (ക്വുർആൻ 31:34).

അതുകൊണ്ട് അല്ലാഹുവിന്റെ വിളി എന്നിലേക്ക് ഏതുനിമിഷവും എത്തിയേക്കാം എന്ന ചിന്തയോടെ അനുഗ്രഹങ്ങളെ അവന്റെ മാർഗത്തിൽ ചെലവഴിച്ചുകൊണ്ട് ജീവിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. നമസ്കാരം, നോമ്പ് പോലുള്ള നിർബന്ധമായ ആരാധനകൾ ആരോഗ്യമുള്ള സമയത്ത് ചെയ്യാതെ അലസത കാണിക്കുന്നവർ മനസ്സിലാക്കുക; ആരോഗ്യം നഷ്ടപ്പെട്ടാൽ, രോഗങ്ങൾക്ക് അടിമപ്പെട്ട് കിടപ്പിലായാൽ അതൊന്നും ചെയ്യാൻ സാധ്യമല്ല. ആ സമയത്ത് ഖേദിച്ചതുകൊണ്ട് കാര്യമുണ്ടാകില്ല.



വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 12

# ചീറ്റിപ്പോയ എക്സ്ട്രീം എക്സാമ്പിൾ

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

**ഒരാൾ ഒരു മതത്തിന്റെ അടിസ്ഥാനത്തിൽ പരസ്യമായി മദ്യപിക്കുകയും നഗ്നമായി നൃത്തം ചെയ്യുകയുമാണെന്ന് കരുതുക. അതിനെ ആരെങ്കിലും ധാർമികതക്ക് (moraltiy) എതിരാണ് എന്ന് പറയുമോ? കാരണം അത് മതത്തിന്റെ പേരിലാണ് നടക്കുന്നത്. അങ്ങനെ ചെയ്യുന്ന ഒരാളെ തടയാൻ പ്രാദേശിക അധികാരികൾക്ക് (പോലീസ് തുടങ്ങിയ) സാധിക്കുമോ? ആരാണ് ഇത് തീരുമാനിക്കേണ്ടത്?' കോടതിയാണ് ഒരു കാര്യം എസെൻഷ്യൽ ആണോ അല്ലേ എന്ന് തീരുമാനിക്കേണ്ടത്**

ശിരൂർ മഠം കേസ് വിധിയുടെ അടിസ്ഥാനത്തിൽ എസെൻഷ്യൽ കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശം അതത് മതസമൂഹങ്ങൾക്കും അവയുടെ നേതാക്കൾക്കുമാണ് എന്നാണല്ലോ പരാതിക്കാർ പറയുന്നത് എന്ന് ജസ്റ്റിസ് ഗുപ്ത പറഞ്ഞപ്പോൾ കൃത്യമായ മറുപടി നൽകാതെ ഉദാഹരണക്കസർത്തുക്കളിൽ അഭിരമിക്കുകയായിരുന്നു എസ്ജി. അദ്ദേഹം പറയുന്നു: 'ഞാനൊരു 'എക്സ്ട്രീം എക്സാമ്പിൾ' പറയാം. ഒരാൾ ഒരു മതത്തിന്റെ അടിസ്ഥാനത്തിൽ പരസ്യമായി മദ്യപിക്കുകയും നഗ്നമായി നൃത്തം ചെയ്യുകയുമാണെന്ന് കരുതുക.

**ശിരോവസ്ത്രം ഇസ്‌ലാം പൂർത്തിയാക്കപ്പെട്ട അതിന്റെ ആദ്യനാളുകളിൽ തന്നെ മതത്തിന്റെ അവിഭാജ്യഘടകമായി സ്ഥിരപ്പെട്ട കാര്യമാണ്. പിന്നീട് എത്രയോ കാലങ്ങൾ പിന്നിട്ടശേഷം മുസ്‌ലിംകളിൽ ചിലർ കൊണ്ടുവന്ന ആചാരമല്ല. നൂറ്റാണ്ടുകളായി ഒരു മുസ്‌ലിം സ്ത്രീയെ ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന വേഷം കൂടിയാണ് ശിരോവസ്ത്രം. ഒരാൾ ശിരോവസ്ത്രം ധരിക്കുന്നതുകൊണ്ട് അയാളുടെയോ മറ്റൊരാളുടെയോ** Public order, Moraltiy, Health **എന്നിവയെ ബാധിക്കുന്നുമില്ല. ആയുധമേന്തുകയോ ജനങ്ങളുടെ ജീവന് ഭീഷണിയാവുകയോ ചെയ്യുന്നില്ല. അത് സ്ത്രീക്ക് മാന്യതയും സുരക്ഷയും നൽകുന്നതല്ലാതെ അവരുടെ ആരോഗ്യത്തിനോ ജീവിതത്തിനോ ഭീഷണിയാവുന്നുമില്ല.**

അതിനെ ആരെങ്കിലും ധാർമികതക്ക് (moraltiy) എതിരാണ് എന്ന് പറയുമോ? കാരണം അത് മതത്തിന്റെ പേരിലാണ് നടക്കുന്നത്. അങ്ങനെ ചെയ്യുന്ന ഒരാളെ തടയാൻ പ്രാദേശിക അധികാരികൾക്ക് (പോലീസ് തുടങ്ങിയ) സാധിക്കുമോ? ആരാണ് ഇത് തീരുമാനിക്കേണ്ടത്?'

കോടതിയാണ് ഒരു കാര്യം എസെൻഷ്യൽ ആണോ അല്ലേ എന്ന് തീരുമാനിക്കേണ്ടത് എന്ന് സമർഥിക്കാനാണ് ഇങ്ങനെ പറഞ്ഞത്. എന്നാൽ ജസ്റ്റിസ് ഗുപ്ത ഇതിനു മറുപടിയായി പറഞ്ഞത് ഈ പറഞ്ഞ 'എക്സ്ട്രീം എക്സാമ്പിൾ' ഒരിക്കലും നിലവിലുള്ള വിഷയവുമായി യോജിക്കുന്നതല്ല എന്നായിരുന്നു.

**വിശദീകരണം**

ചില ആചാരവൈകൃതങ്ങളെ പൊലിപ്പിച്ചു കാണിച്ചുകൊണ്ട് എസ്ജി തന്റെ വാദം സമർഥിക്കാൻ ശ്രമിക്കുകയാണിവിടെ. മതത്തിന്റെ പേരിൽ നടക്കുന്ന ചില അന്ധവിശ്വാസങ്ങൾ, ആഭാസങ്ങൾ, അക്രമോത്സുകമായ ആഘോഷങ്ങൾ എന്നിവ എടുത്തു കാണിച്ച് എല്ലാ ആചാരങ്ങളെയും സാമാന്യവത്കരിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. അതിനുവേണ്ടിയാണ് ആനന്ദമാർഗികളുടെ താണ്ഡവനൃത്തത്തെ ശിരോവസ്ത്ര വിഷയത്തിലേക്ക് വലിച്ചിഴക്കാൻ ശ്രമിച്ചത്.

**ആനന്ദമാർഗി; ഒരു ലഘുചിത്രം**

1955ലാണ് ശ്രീശ്രീ ആനന്ദമൂർത്തി എന്ന പേരിൽ അറിയപ്പെട്ടിരുന്ന കൊൽക്കത്തക്കാരനായ പി.ആർ.സർക്കാർ 'ആനന്ദ മാർഗ' (Path of bliss) സ്ഥാപിച്ചത്. ധ്യാനം, യോഗ എന്നീ പരിപാടികൾ മാത്രമായിരുന്നു ആദ്യകാലങ്ങളിൽ അവർ നടത്തിയിരുന്നത്. എന്നാൽ 11 വർഷത്തിന് ശേഷം 1966ൽ തലയോട്ടികളും ത്രിശൂലങ്ങളും വാളുകളും കഠാരകളും ഉപയോഗിച്ചുകൊണ്ട് പൊതു



സ്ഥലങ്ങളിൽ അവർ നൃത്തം ചവിട്ടാൻ തുടങ്ങി. ഇതിനെതിരെ ക്രമസമാധാന പ്രശ്നങ്ങൾ ഉയർത്തി കൊൽക്കത്ത പോലീസ് നടപടിയെടുത്തു. നിരവധി നിയമനടപടികൾക്ക് ശേഷം 2004ൽ ആണ് ഇതുസംബന്ധമായ സുപ്രീംകോടതിയുടെ അന്തിമവിധിയുണ്ടായത്. രണ്ടു കാര്യങ്ങളാണ് സുപ്രീം കോടതി പറഞ്ഞത്. ഒന്നാമത്തേത് ആനന്ദമാർഗികളുടെ താണ്ഡവനൃത്തം മതത്തിന്റെ അവിഭാജ്യഘടകം (Essential religious practice) ആയിരുന്നുവെങ്കിൽ എന്തുകൊണ്ട് അത് അവരുടെ സ്ഥാപക വർഷമായ 1955ൽ ആരംഭിച്ചില്ല? രണ്ടാമത്തെ കാര്യം; പൊതുസ്ഥലങ്ങളിൽ ജനങ്ങളിൽ മുഴുവൻ ഭീതിയുണ്ടാക്കുന്ന വിധത്തിലും പൊതുജനത്തിന് പരിക്കേൽക്കപ്പെടുകയോ അവർ കൊല്ലപ്പെടുകയോ ചെയ്യുന്ന വിധത്തിലുള്ള ഏതൊരു ആചാരവും ഭരണഘടനയുടെ അനുച്ഛേദം 19ൽ പറഞ്ഞ നിയന്ത്രണങ്ങൾക്ക് വിരുദ്ധമാണ്. Public order, Moraltiy, Health എന്നീ മൂന്നു നിയന്ത്രണങ്ങളെയും അതിലംഘിക്കുന്ന വിധത്തിലാണ് താണ്ഡവനൃത്തം.

**ശിരോവസ്ത്രം ആരെയും പരിക്കേൽപിക്കുന്നില്ല**

ശിരോവസ്ത്രം ഇസ്‌ലാം പൂർത്തിയാക്കപ്പെട്ട അതിന്റെ ആദ്യനാളുകളിൽ തന്നെ മതത്തിന്റെ അവിഭാജ്യഘടകമായി സ്ഥിരപ്പെട്ട കാര്യമാണ്. പിന്നീട് എത്രയോ കാലങ്ങൾ പിന്നിട്ടശേഷം മുസ്‌ലിംകളിൽ ചിലർ കൊണ്ടുവന്ന ആചാരമല്ല. നൂറ്റാണ്ടുകളായി ഒരു മുസ്‌ലിം സ്ത്രീയെ ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന വേഷം കൂടിയാണ് ശിരോവസ്ത്രം. ഒരാൾ ശിരോവസ്ത്രം ധരിക്കുന്നതുകൊണ്ട് അയാളുടെയോ മറ്റൊരാളുടെയോ Public order, Moraltiy, Health എന്നിവയെ ബാധിക്കുന്നുമില്ല. ആയുധമേന്തുകയോ ജനങ്ങളുടെ ജീവന് ഭീഷണിയാവുകയോ ചെയ്യുന്നില്ല. അത് സ്ത്രീക്ക് മാന്യതയും സുരക്ഷയും നൽകുന്നതല്ലാതെ അവരുടെ ആരോഗ്യത്തിനോ ജീവിതത്തിനോ ഭീഷണിയാവുന്നുമില്ല. അതുകൊണ്ടുതന്നെ സോളിസിറ്റർ ജനറൽ കൊണ്ടുവന്ന ആനന്ദമാർഗി പ്രശ്നം ഒരിക്കലും ഈ വിഷയത്തോട് യോജിച്ചുവരുന്നില്ല എന്ന കാര്യം നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടും.

> **മതപരമായ ആചാരങ്ങളുടെ നിർബന്ധസ്വഭാവം, ഐച്ഛിക സ്വഭാവം തുടങ്ങിയവയുടെ തീർപ്പ് അതത് മതങ്ങളുടെ പ്രമാണങ്ങളാണ് തീരുമാനിക്കേണ്ടത് എന്നും മതങ്ങൾക്കിടയിൽതന്നെ അവാന്തര വിഭാഗങ്ങൾക്കിടയിലുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങളിൽ ഓരോ വിഭാഗവും അവരുടെ പ്രമാണമായി സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്നതുമാണ് പൊതുവിൽ നിയമജ്ഞർ സ്വീകരിച്ചുവരുന്ന നിലപാട്. എന്നാൽ ഏതൊരു ആചാരവും രാജ്യത്തിന്റെ കെട്ടുറപ്പിനെയും രാജ്യം സ്വീകരിച്ചുവരുന്ന ധാർമിക, ആരോഗ്യ കാഴ്ചപ്പാടുകളെയും ലംഘിക്കാത്ത വിധവുമായിരിക്കണം.**

**എസെൻഷ്യൽ ആരാണ് തീരുമാനിക്കേണ്ടത്?**

എസ്ജി വീണ്ടും ഉദാഹരണത്തിലേക്ക് പ്രവേശിക്കുന്നു: 'കോവിഡ് കാലത്ത് ഒരുവിഭാഗം രഥയാത്ര സംഘടിപ്പിക്കുന്നു എന്ന് സങ്കൽപിക്കുക. പോലീസ് അവരെ തടയുന്നു. എന്നാൽ ഇത് മതത്തിന്റെ എസെൻഷ്യൽ ആണെന്ന വാദം ഉയരുമ്പോൾ അതിൽ ഇടപെടേണ്ടത് ആരാണ്? അത് കോടതിയാണ്. കോടതിയാണ് അത് തീരുമാനിക്കേണ്ടത്. ശിരൂർ മഠം കേസ് വിധി അതിന് തടസ്സമാവുന്നില്ല.'

ഈ സന്ദർഭത്തിൽ ജസ്റ്റിസ്




ഗുപ്ത ആ വിഷയത്തിലേക്ക് പ്രവേശിക്കാതെ ഖുർആൻ വചനങ്ങളിലേക്ക് വരികയും ഖിമാർ, ഹിജാബ് തുടങ്ങിയ പദങ്ങളെ കുറിച്ച് പരാമർശിക്കുകയും ചെയ്തപ്പോൾ അങ്ങനെയെല്ലാം ഖുർആൻ പറഞ്ഞുകാണുമെന്നും താനത് വായിച്ചിട്ടില്ലെങ്കിലും അതിനെ അംഗീകരിക്കുന്നുവെന്നും എന്നാൽ ഖുർആനിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഒരു മതാചാരമാവാമെങ്കിലും അത് എസെൻഷ്യൽ ആവണമെന്നില്ല എന്നെല്ലാമായിരുന്നു സോളിസിറ്റർ ജനറലിന്റെ മറുപടി. ശിരോവസ്ത്രം ധരിക്കാത്തതിന്റെ പേരിൽ മതത്തിൽനിന്നും പുറത്താക്കപ്പെടാത്ത എത്രയോ ആളുകളുടെ എണ്ണം തങ്ങളുടെ കൈയിലുണ്ടെന്നും അതെല്ലാം തെളിയിക്കുന്നത് അതൊരു അനുവദനീയമായ കാര്യം എന്നതിനപ്പുറം നിർബന്ധമായ ഒരു ആചാരമാണ് എന്ന് തെളിയുന്നില്ല എല്ലാമായിരുന്നു അദ്ദേഹത്തിന്റെ വാദം.

**വിശദീകരണം**

മതപരമായ ആചാരങ്ങളുടെ നിർബന്ധസ്വഭാവം, ഐച്ഛിക സ്വഭാവം തുടങ്ങിയവയുടെ തീർപ്പ് അതത് മതങ്ങളുടെ പ്രമാണങ്ങളാണ് തീരുമാനിക്കേണ്ടത് എന്നും മതങ്ങൾക്കിടയിൽതന്നെ അവാന്തര വിഭാഗങ്ങൾക്കിടയിലുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങളിൽ ഓരോ വിഭാഗവും അവരുടെ പ്രമാണമായി സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്നതുമാണ് പൊതുവിൽ നിയമജ്ഞർ സ്വീകരിച്ചുവരുന്ന നിലപാട്. എന്നാൽ ഏതൊരു ആചാരവും രാജ്യത്തിന്റെ കെട്ടുറപ്പിനെയും രാജ്യം സ്വീകരിച്ചുവരുന്ന ധാർമിക, ആരോഗ്യ കാഴ്ചപ്പാടുകളെയും ലംഘിക്കാത്തവിധവുമായിരിക്കണം.

> **മതനിരപേക്ഷമായ ബോധ്യത്തിൽ നിന്നല്ല, മറിച്ച് മതപ്രമാണങ്ങളുടെ തീരുമാനങ്ങൾക്കനുസരിച്ച് ഭരണഘടന നിശ്ചയിച്ച ഉപാധികളുടെ അടിസ്ഥാനത്തിൽ മാത്രമെ ഏതൊരു കോടതിക്കും ഇത്തരം വിഷയങ്ങളിൽ അഭിപ്രായം രേഖപ്പെടുത്താൻ കഴിയൂ. മതപ്രമാണങ്ങൾ വ്യാഖ്യാനിക്കേണ്ടത് കോടതികളല്ല എന്നും അതാത് മതങ്ങളുടെ ആധികാരിക പണ്ഡിതരാണ് അത് പറയേണ്ടതെന്നും കോടതികൾ മതപ്രമാണങ്ങൾ വ്യാഖ്യാനിക്കാൻ പാടില്ലെന്നും ബാബരി വിധിയിൽ സുപ്രീം കോടതി പ്രത്യേകം പരാമർശിച്ച കാര്യം കേസിന്റെ പ്രാരംഭഘട്ടത്തിൽ അഭിഭാഷകർ ചൂണ്ടിക്കാണിച്ച കാര്യം ഓർക്കേണ്ടതുണ്ട്.**

ആചാരങ്ങളുടെ സംരക്ഷണത്തിന് ഭരണഘടന ഈ ഉപാധിയാണ് വെച്ചിട്ടുള്ളത്. കോടതിക്കോ ജഡ്ജിമാർക്കോ അഭിഭാഷകർക്കോ അവരുടെ ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മതാചാരത്തിന്റെ എസെൻഷ്യൽ മെരിറ്റിനെ തീരുമാനിക്കാൻ അവകാശമില്ല.

മതനിരപേക്ഷമായ ബോധ്യത്തിൽ നിന്നല്ല, മറിച്ച് മതപ്രമാണങ്ങളുടെ തീരുമാനങ്ങൾക്കനുസരിച്ച് ഭരണഘടന നിശ്ചയിച്ച ഉപാധികളുടെ അടിസ്ഥാനത്തിൽ മാത്രമെ ഏതൊരു കോടതിക്കും ഇത്തരം വിഷയങ്ങളിൽ അഭിപ്രായം രേഖപ്പെടുത്താൻ കഴിയൂ. മതപ്രമാണങ്ങൾ വ്യാഖ്യാനിക്കേണ്ടത് കോടതികളല്ല എന്നും അതാത് മതങ്ങളുടെ ആധികാരിക പണ്ഡിതരാണ് അത് പറയേണ്ടതെന്നും കോടതികൾ മതപ്രമാണങ്ങൾ വ്യാഖ്യാനിക്കാൻ പാടില്ലെന്നും ബാബരി വിധിയിൽ സുപ്രീം കോടതി പ്രത്യേകം പരാമർശിച്ച കാര്യം കേസിന്റെ പ്രാരംഭഘട്ടത്തിൽ അഭിഭാഷകർ ചൂണ്ടിക്കാണിച്ച കാര്യം ഓർക്കേണ്ടതുണ്ട്.

**അടുത്ത ലക്കത്തിൽ:**
**പൊതുപരിസരങ്ങളിലെ മതവേഷങ്ങളും യൂണിഫോമും**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 42

# സൂറ: അശ്ശൂറാ
## (കൂടിയാലോചന)
(മക്കയിൽ അവതരിച്ചത്)

وَمَا تَفَرَّقُوٓاْ إِلَّا مِنۢ بَعۡدِ مَا جَآءَهُمُ ٱلۡعِلۡمُ
بَغۡيَۢا بَيۡنَهُمۡۚ وَلَوۡلَا كَلِمَةٞ سَبَقَتۡ مِن رَّبِّكَ
إِلَىٰٓ أَجَلٖ مُّسَمّٗى لَّقُضِيَ بَيۡنَهُمۡۚ وَإِنَّ ٱلَّذِينَ
أُورِثُواْ ٱلۡكِتَٰبَ مِنۢ بَعۡدِهِمۡ لَفِي شَكّٖ
مِّنۡهُ مُرِيبٖ ١٤

فَلِذَٰلِكَ فَٱدۡعُۖ وَٱسۡتَقِمۡ كَمَآ أُمِرۡتَۖ
وَلَا تَتَّبِعۡ أَهۡوَآءَهُمۡۖ وَقُلۡ ءَامَنتُ بِمَآ أَنزَلَ ٱللَّهُ
مِن كِتَٰبٖۖ وَأُمِرۡتُ لِأَعۡدِلَ بَيۡنَكُمُۖ ٱللَّهُ
رَبُّنَا وَرَبُّكُمۡۖ لَنَآ أَعۡمَٰلُنَا وَلَكُمۡ
أَعۡمَٰلُكُمۡۖ لَا حُجَّةَ بَيۡنَنَا وَبَيۡنَكُمُۖ ٱللَّهُ
يَجۡمَعُ بَيۡنَنَاۖ وَإِلَيۡهِ ٱلۡمَصِيرُ ١٥

14. പൂർവവേദക്കാർ ഭിന്നിച്ചത് അവർക്ക് അറിവ് വന്നുകിട്ടിയതിനുശേഷം തന്നെയാണ്. അവർ തമ്മിലുള്ള വിരോധം നിമിത്തമാണത്. നിർണിതമായ ഒരു അവധിവരേക്ക് ബാധകമായ ഒരു വചനം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് മുമ്പ് തന്നെ ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ (ഉടനെ) തീർപ്പുകൽപിക്കപ്പെടുമായിരുന്നു. അവർക്കു ശേഷം വേദഗ്രന്ഥത്തിന്റെ അനന്തരാവകാശം നൽകപ്പെട്ടവർ തീർച്ചയായും അതിനെപ്പറ്റി അവിശ്വാസജനകമായ സംശയത്തിലാകുന്നു.

15. അതിനാൽ നീ പ്രബോധനം ചെയ്തുകൊള്ളുക. നീ കൽപിക്കപ്പെട്ടത് പോലെ നേരെ നിലകൊള്ളുകയും ചെയ്യുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിന്തുടർന്ന് പോകരുത്. നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏത് ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപുലർത്തുവാൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവാകുന്നു ഞങ്ങളുടെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമങ്ങളും നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമ്മങ്ങളും. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ യാതൊരു തർക്കപ്രശ്നവുമില്ല. അല്ലാഹു നമ്മെ തമ്മിൽ ഒരുമിച്ചുകൂട്ടും. അവങ്കലേക്കാകുന്നു ചെന്നെത്താനുള്ളത്.

14). മുസ്‌ലിംകൾ അവരുടെ മതകാര്യങ്ങളിൽ ഒന്നിക്കണമെന്ന് കൽപിച്ചപ്പോൾ തന്നെ അല്ലാഹു ഭിന്നിക്കുന്നതിനെ വിരോധിക്കുകയും ചെയ്യുന്നു. അല്ലാഹു ഇറക്കിക്കൊടുത്ത വേദഗ്രന്ഥത്തിൽ ഒരിക്കലും അശ്രദ്ധരാകാൻ പാടില്ലെന്നും അവരെ അറിയിക്കുന്നു. ഒരുമിക്കൽ അനിവാര്യമാണെന്നറിയിക്കുന്ന വേദഗ്രന്ഥം ലഭിച്ചതിനുശേഷമാണ് വേദക്കാർ ഭിന്നിച്ചത്. വേദം കൽപിച്ചതിനു നേർവിപരീതം അവർ പ്രവർത്തിച്ചു. അതെല്ലാം അവരുടെ അതിക്രമവും ശത്രുതയുമാണ്. അവർ പരസ്പരം വിദ്വേഷവും അസൂയയും കാണിച്ചു. അവർക്കിടയിൽ ശത്രുതയും പോരുമുണ്ടായി. അങ്ങിനെ അഭിപ്രായ ഭിന്നതകളുണ്ടായി. അവരെപ്പോലെ ആയിത്തീരുന്നത് മുസ്‌ലിംകളെ, നിങ്ങളും സൂക്ഷിക്കണം.

(ഒരു വചനം നിങ്ങളുടെ രക്ഷിതാവിൽ നിന്ന് മുമ്പു തന്നെ ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ) തീരുമാനിച്ച ശിക്ഷ വൈകുമെന്ന് (നിർണിതമായ ഒരവധിവരേക്ക് ബാധകമായ അവർക്കിടയിൽ തീർപ്പ് കൽപിക്കപ്പെടുമായിരുന്നു). എന്നാൽ അല്ലാഹുവിന്റെ യുക്തിയും അറിവും അത് അവർക്ക് വൈകണമെന്നാണ് താൽപര്യപ്പെടുന്നത്. (അവർക്കുശേഷം വേദഗ്രന്ഥത്തിന്റെ അവകാശം നൽകപ്പെട്ടവർ) അവരെ അനന്തര

മെടുത്തവർ, അവരുടെ പിൻഗാമികളായിത്തീർന്നവർ. അവരിൽനിന്ന് അറിവ് ലഭിച്ചവർ (തീർച്ചയായും അതിനെപ്പറ്റി അവിശ്വാസ ജനകമായ സംശയത്തിലാകുന്നു) ആശയ ഭിന്നതകളുണ്ടാക്കുന്ന, ധാരാളം ആശയക്കുഴപ്പങ്ങളിൽ, അവരുടെ പൂർവികർ ധിക്കാരവും അതിക്രമവും കാരണം ഭിന്നിച്ചു. അതേ കാര്യങ്ങളിൽ പിൻഗാമികളും സംശയത്തിലും ആശയക്കുഴപ്പങ്ങളിലുമാണ്. ആക്ഷേപകരമായ അഭിപ്രായ ഭിന്നതകളിൽ അവരെല്ലാവരും പങ്കാളികളാവുന്നു.

15) (അതിനാൽ നീ പ്രബോധനം ചെയ്തുകൊള്ളുക) അതിനാൽ അല്ലാഹു തന്റെ വേദഗ്രന്ഥങ്ങളിലൂടെയും പ്രവാചകന്മാരിലൂടെയും ഇറക്കിയ ചൊവ്വായ മതത്തിലേക്ക്, നേർമാർഗത്തിലേക്ക് നിന്റെ സമുദായത്തെ നീ ക്ഷണിക്കുക. അതിനവരെ പ്രേരിപ്പിക്കുക. അതിനോടുള്ള എതിർപ്പുകളെ നീ നേരിടുക. (നീ നേരെ നിലകൊള്ളുകയും ചെയ്യുക) നിന്റെ സ്വന്തം കാര്യങ്ങളിൽ. (നീ കൽപിക്കപ്പെട്ടതുപോലെ) അല്ലാഹുവിന്റെ കൽപനകളോട് യോജിച്ച് ശരിയായവിധം, തീവ്രതയോ വീഴ്ചയോ ഇല്ലാതെ, അല്ലാഹുവിന്റെ കൽപനകളെ പിൻതുടർന്ന്, വിരോധങ്ങളുപേക്ഷിച്ച്. അതിൽ സ്ഥിരോത്സഹമുണ്ടാകണം. ചൊവ്വായ മാർഗത്തിൽ സ്വയം പരിപൂർണനാകണം. മറ്റുള്ളവരെ പ്രബോധനത്തിലൂടെ പൂർണതയിൽ എത്തിക്കാനാണ് നിർദേശിക്കുന്നത്. പ്രവാചകനോടുള്ള കൽപനകൾ അദ്ദേഹത്തിന് പ്രത്യേകമാണെന്ന് പറയാത്തിടത്തോളം കാലം അത് തന്റെ സമുദായത്തിലെ ഓരോരുത്തർക്കും ബാധകമാണ്.

(അവരുടെ തന്നിഷ്ടങ്ങളെ നീ പിന്തുടർന്നുപോകരുത്) മതത്തിൽനിന്നും വഴിതെറ്റിപ്പോയ കപടവിശ്വാസികളുടെയും നിഷേധികളുടെയും ഇച്ഛകളെ നീ പിന്തുടരുത്; അവരുടെ ചില മതകാര്യങ്ങൾ സ്വീകരിച്ചുകൊണ്ടോ പ്രബോധനമുപേക്ഷിച്ചുകൊണ്ടോ അവരുടെ ഇഷ്ടങ്ങൾ സ്വീകരിച്ച് ശരിയായ നിലപാടിൽനിന്ന് മാറിക്കൊണ്ടോ. വ്യക്തമായ അറിവ് വന്നെത്തിയതിനുശേഷം നീ അങ്ങനെ ചെയ്താൽ നീ അക്രമികളിൽ പെട്ടവനായിത്തീരും.

'അവരുടെ മതത്തെ പിൻപറ്ററുത്' എന്നിവിടെ പറഞ്ഞില്ല. കാരണം, അവരുടെ മതത്തിന്റെ യഥാർഥ തത്ത്വങ്ങൾ പ്രവാചകന്മാർ പഠിപ്പിച്ചതു തന്നെയാണ്. എന്നാൽ അവർ അത് പിൻപറ്റിയില്ല. മറിച്ച്, ദേഹേച്ഛകളെയാണ് അവർ പിൻപറ്റിയത്. അവർ അവരുടെ മതത്തെ കളിയും വിനോദവും ആക്കുകയും ചെയ്തു. (നീ പറയുക) അവരോട് ചർച്ചയും വാഗ്വാദങ്ങളും നടത്തുമ്പോൾ. (അല്ലാഹു അവതരിപ്പിച്ച ഏത് ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു) ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ടാണ് നീ അവരോട് ഏത് ചർച്ചയും നടത്തേണ്ടത്. ഇത് ഇസ്‌ലാമിന്റെ മഹത്ത്വത്തെയും ശ്രേഷ്ഠതയെയും തെളിയിക്കുന്നു. മറ്റു മതങ്ങളിൽ അതിന്റെ ആധിപത്യവും വ്യക്തമാക്കുന്നു.

വേദക്കാർ തങ്ങളുടെ മതമായി വാദിക്കുന്നതും ഇസ്‌ലാമിന്റെ ഒരുഭാഗം തന്നെയാണ്. വേദക്കാർ ചില വേദഗ്രന്ഥങ്ങളിലോ ചില പ്രവാചകന്മാരിലോ മാത്രം വിശ്വസിച്ചുകൊണ്ടാണെങ്കിൽ അത് അംഗീകരിച്ചുകൊടുക്കാവതല്ല. കാരണം അവർ ക്ഷണിക്കുന്ന വേദഗ്രന്ഥവും അവർ അവരെ ബന്ധപ്പെടുത്തുന്ന പ്രവാചകനുമാകുമ്പോൾ അവരീ ക്വുർആനിനെയും അതുമായി വന്ന പ്രവാചകനെയും സത്യപ്പെടുത്താൻ ബാധ്യസ്ഥരാണ്. നമ്മുടെ ഗ്രന്ഥവും പ്രവാചകനുമെല്ലാം നമ്മോട് കൽപിക്കുന്നത് മൂസാ, ഈസാ, തൗറാത്ത്, ഇൻജീൽ; ഇതിലെല്ലാം വിശ്വസിക്കണമെന്നാണ്. ഇവയെക്കുറിച്ചെല്ലാം നമ്മുടെ ഗ്രന്ഥങ്ങൾ പരാമർശിക്കുകയും സത്യപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ തൗറാത്തോ ഇൻജീലോ മൂസായോ ഈസായോ നമ്മോടൊന്നും നിർദേശിച്ചിട്ടില്ല. നമ്മുടെ വേദത്തോട് യോജിക്കുകയോ അവരിൽ വിശ്വസിക്കാൻ കൽപിക്കുകയോ ചെയ്യുന്നില്ല. (നിങ്ങൾക്കിടയിൽ നീതി പുലർത്തുവാൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു) നിങ്ങൾ അഭിപ്രായ ഭിന്നതയിലായ കാര്യത്തിൽ വിധികൽപിക്കാൻ. നിങ്ങൾക്ക് എന്നോടുള്ള ശത്രുതയോ വിദ്വേഷമോ നിങ്ങൾക്കിടയിൽ നീതി വിധിക്കാൻ എനിക്ക് തടസ്സമാകുന്നില്ല. വ്യത്യസ്തമായ അഭിപ്രായമുള്ളവർക്കിടയിലും വേദക്കാർക്കോ അതല്ലാത്തവർക്കിടയിലോ ഉള്ള സത്യങ്ങളെ സ്വീകരിക്കാനും അസത്യങ്ങളെ നിരാകരിക്കാനും എനിക്ക് തടസ്സമില്ല.

(അല്ലാഹുവാകുന്നു ഞങ്ങളുടെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും) എല്ലാവരുടെയും രക്ഷിതാവ് അവനാണ്. ഞങ്ങളെക്കാളും കൂടുതൽ ഒരു അവകാശം അവനിൽ നിങ്ങൾക്കില്ല. (ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമങ്ങളും നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമങ്ങളും) നന്മ തിന്മകളിൽനിന്ന്. (ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ യാതൊരു തർക്കപ്രശ്നവുമില്ല) യാഥാർഥ്യങ്ങൾ വ്യക്തമായതിനുശേഷം അസത്യവും സത്യവും വഴികേടും നേർമാർഗവും പ്രകടമായി. തർക്കത്തിനോ വാദപ്രതിവാദത്തിനോ യാതൊരു സ്ഥാനവുമില്ല. തർക്കങ്ങൾ നടത്തുന്നത് സത്യത്തെ അസത്യത്തിൽനിന്ന് വേർതിരിക്കാനാണല്ലോ. ശരി ചെയ്യുന്നവന് ആ വഴിക്ക് പോകാനും വഴിപിഴച്ചവനെതിരെ തെളിവുണ്ടാക്കാനുമാണത്. ഇവിടെ ഉദ്ദേശ്യം അതല്ല. കാരണം വേദക്കാർ ഇവിടെ തർക്കിക്കുന്നില്ല. (നല്ല രൂപത്തിലല്ലാതെ വേദക്കാരുമായി നിങ്ങൾ തർക്കിക്കരുത് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം നാം മുകളിൽ പറഞ്ഞതാണ്).

(അല്ലാഹു നമ്മെ തമ്മിൽ ഒരുമിച്ചുകൂട്ടും. അവങ്കലേക്കാകുന്നു ചെന്നെത്താനുള്ളത്) ഉയിർത്തെഴുന്നേൽപ് നാളിൽ. അപ്പോൾ എല്ലാ വർക്കും അവരവരുടെ പ്രവർത്തനങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകപ്പെടും. അന്ന് കളവ് പറയുന്നവനും സത്യം പറയുന്നവനും ആരാണെന്ന് വ്യക്തമാകും. ഇതിനെ സ്ഥിരീകരി ക്കുന്നതാണ് (ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ യാതൊരു തർക്കപ്രശ്നവുമില്ല) എന്ന വചനം. ■

# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**




**ക്രിമിനൽ കേസുകൾ**

ക്രിമിനൽ കേസുകൾക്ക് അടിസ്ഥാനമായ കുറ്റങ്ങൾ പലവിധമുണ്ട്. കോടതിയുടെ വാറന്റ് കൂടാതെ പ്രതിയെ അറസ്റ്റുചെയ്യാനും പ്രതിക്കെതിരെ നേരിട്ട് കേസെടുക്കാനും പൊലീസിന് കഴിയുന്ന കുറ്റം (cognisable offence) ആണ് ഇവയിൽ ഒരിനം. മറ്റൊന്ന് കോടതിയുടെ വാറന്റ് കൂടാതെ പ്രതിയെ പൊലീസിന് അറസ്റ്റ് ചെയ്യാനാവാത്തതായുള്ള കുറ്റവും (non-cognisable offence). മേൽപറഞ്ഞ തരംതിരിവുകൾ കുറ്റകൃത്യങ്ങളുടെ ലഘുത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്. ഇതരവിഭാഗം കുറ്റങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:

ജാമ്യം അനുവദിക്കപ്പെടാവുന്നതായ കുറ്റം (bailable offence), ശാരീരികമായ ഉപദ്രവം ഏൽപിക്കുകയെന്ന കുറ്റം (offence against person), വസ്തുവിന് നാശമോ നഷ്ടമോ വരുത്തുകയെന്ന കുറ്റം (Offence against propetry), സമൂഹത്തിന്റെ പൊതുവായ പ്രശാന്തതയെയും സമാധാനത്തെയും കുഴപ്പത്തിലാക്കുകയെന്ന കുറ്റം (offence against public order), പൂർത്തീകരിക്കപ്പെടാത്ത കുറ്റങ്ങൾ- കുറ്റശ്രമം, പ്രേരണക്കുറ്റം, ഗൂഢാലോചന മുതലായവ (inchoate offences), കോടതിയിൽ വിചാരണ ചെയ്യാവുന്ന ഗുരുതരമായ കുറ്റം indictable offence), മജിസ്ട്രേറ്റ് കോടതിയിൽ മാത്രം വിചാരണ ചെയ്യാവുന്ന ലഘുവായുള്ള കുറ്റം (summary offence), വധശിക്ഷക്ക് അർഹമായ കുറ്റം (capital offence or capital crime).

വിവരസാങ്കേതികവിദ്യാമേഖലയിലെ കുറ്റകൃത്യങ്ങൾ (cyber crime) എന്ന ഒന്ന് ഉള്ളതിനെക്കുറിച്ചും നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്റർനെറ്റ് സന്ദേശം ചോർത്തിയെടുത്ത് അതിൽ കൃത്രിമം കാട്ടുക, വ്യാജസന്ദേശം നൽകി ബാങ്കിൽ നിന്ന് പണം തട്ടുക, അനധികൃതമായി അന്യരുടെ വെബ് വിലാസങ്ങളും പാഡുകളും കൈക്കലാക്കുക, ഏതെങ്കിലും പ്രശസ്ത വ്യക്തിയെ വധിക്കുമെന്നോ ഏതെങ്കിലും ഗവൺമെന്റ് മന്ദിരം ബോംബുവച്ച് തകർക്കുമെന്നോ മറ്റോ കാണിച്ചുള്ള വ്യാജഭീഷണി സന്ദേശങ്ങൾ ഇന്റർനെറ്റിലൂടെ അയക്കുക, ഇന്റർനെറ്റിലൂടെ അശ്ലീലം പ്രചരിപ്പിക്കുകയോ വ്യക്തികളുടെ-പ്രത്യേകിച്ചും പെൺകുട്ടികളുടെ- ഫോട്ടോകളിൽ കൃത്രിമം കാണിച്ച് അവരെ നഗ്നരാക്കിയോ മറ്റു മോശമായ രീതിയിലോ പ്രദർശിപ്പിക്കുകയോ ചെയ്യുക, സോഫ്റ്റ് വെയർ ഉൽപന്ന നിർമാതാക്കളുടെ അനുമതിയോ അംഗീകാരമോ കൂടാതെയും യാതൊരുവിധ അവകാശവുമില്ലാതെയും സോഫ്റ്റ് വെയറിന്റെ വ്യാജകോപ്പി

കൾ വൻതോതിലെടുത്ത് അനധി കൃതമായി (താണവിലയ്ക്ക്) വിറ്റ് വമ്പിച്ച ലാഭമുണ്ടാക്കുക മുതലായവ സൈബർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നതാണ്.

കുറ്റവാളി തനിക്കെതിരായ കേസിൽ കോടതിയിൽ ഹാജരാകാതെ വരുന്നപക്ഷം അയാളെ പൊലീസ് അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കുന്നതായിരിക്കും. ക്രിമിനൽ നടപടി നിയമപ്രകാരം, കുറ്റവാളിയെയോ കുറ്റവാളിയെന്നു സംശയിക്കപ്പെടുന്നയാളെയോ അറസ്റ്റ് ചെയ്യാൻ മജിസ്ട്രേറ്റ് കോടതിയോ സിവിൽനടപടി നിയമപ്രകാരം വിധിനടത്തലിൽ വിധികടക്കാരനെയോ സിവിൽ കേസിൽ വിധിക്കു മുമ്പായി ആവശ്യമെങ്കിൽ പ്രതിയെയോ അറസ്റ്റ് ചെയ്യാൻ സിവിൽ കോടതി പൊലിസിനോ ഉദ്യോഗസ്ഥർക്കോ അധികാരം നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന രേഖാമൂല ഉത്തരവാണ് അറസ്റ്റ് വാറന്റ് (arrest warrant or warrant of arrest). എന്തെങ്കിലും നിർവഹിക്കുന്നതിനുള്ള നിയമാനുസൃത അധികാര പത്രമാണല്ലോ വാറന്റ്. അറസ്റ്റ് വാറന്റ് കൂടാതെ വേറെയും പലതരം വാറന്റുകളുണ്ട്. യലിരവ ഠമ്യൃമി-കുറ്റാരോപണങ്ങൾക്ക് സമാധാനം ബോധിപ്പിക്കാൻ കോടതിയിൽ ഹാജറാകാൻ കൂട്ടാക്കാത്ത പ്രതിയെ അറസ്റ്റുചെയ്യാൻ കോടതി പുറപ്പെടുവിക്കുന്ന ഉത്തരവ്, committal warrant കുറ്റക്കാരനെന്നു കണ്ട് തടവു ശിക്ഷക്ക് വിധിക്കപ്പെട്ട പ്രതിയെ ജയിലിലേക്ക് അയച്ചുകൊണ്ടുള്ള കോടതി ഉത്തരവ്, death warrant (black warrant) മരണ വാറന്റ്, മരണശിക്ഷക്ക് വിധിക്കപ്പെട്ട പ്രതിയുടെ ശിക്ഷ നടപ്പാക്കാനുള്ള കോടതി ഉത്തരവ്, distraint warrant-ജംഗമങ്ങൾ ജപ്തി ചെയ്യുന്നതിനുള്ള കോടതി ഉത്തരവ്, exstradition warrant- ഒരു രാജ്യത്ത് കുറ്റം ചെയ്തശേഷം അവിടെനിന്നും രക്ഷപ്പെട്ട് മറ്റൊരു രാജ്യത്തേക്കു കടന്ന പ്രതിയെ അറസ്റ്റ് ചെയ്ത് കുറ്റവിചാരണക്കായി കുറ്റകൃത്യം നടന്ന രാജ്യത്തെ ഏൽപിക്കുന്നതിനായി ആ രാജ്യത്തെ കോടതി പുറപ്പെടുവിക്കുന്ന ഉത്തരവ്, production warrant ജയിലിൽ കഴിയുന്ന ക്രിമിനൽ കേസ് പ്രതിയെ തന്റെ പേരിലുള്ള കുറ്റങ്ങൾക്ക് സമാധാനം ബോധിപ്പിക്കുന്നതിനു വേണ്ടി കോടതിയിൽ ഹാജറാക്കാൻ പൊലീസിനു നിർദേശം നൽകിക്കൊണ്ടുള്ളതായ ആ കോടതിയുടെ ഉത്തരവ്, release warrant-തടങ്കലിൽ കഴിയുന്നയാളെ മോചിപ്പിക്കാൻ നിർദേശിച്ചുകൊണ്ടുള്ള കോടതി ഉത്തരവ്, search warrant കുറ്റവാളികളെന്നു സംശയിക്കപ്പെടുന്നവരെ തിരയുന്നതിനോ, മോഷണസാധനങ്ങളോ നിരോധിക്കപ്പെട്ടിട്ടുള്ളതോ അപകടകരമായതോ ആയ വസ്തുക്കളോ സൂക്ഷിച്ചിട്ടുണ്ടോയെന്നു കണ്ടുപിടിക്കുന്നതിനോ, സമൻസ് പ്രകാരം ഹാജരാകാത്ത കക്ഷിയെ കണ്ടുപിടിച്ച് കോടതിയിൽ ഹാജരാക്കുന്നതിനോ, ഹാജരാക്കാതെ വരുന്ന പ്രമാണങ്ങളോ സാധനങ്ങളോ കണ്ടെടുത്ത് കോടതിയിൽ ഹാജരാക്കുന്നതിനോ, അന്യായത്തടങ്കലിൽ കഴിയുന്നയാളെ മോചിപ്പിക്കുന്നതിനോ വേണ്ടി, വീടുകളിലും കെട്ടിടങ്ങളിലും പരിസരങ്ങളിലും പ്രവേശിച്ച് തെരച്ചിലോ പരിശോധനയോ നടത്താൻ പൊലീസിന് അനുമതി നൽകിക്കൊണ്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേറ്റോ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയോ സിവിൽ കോടതിയോ നൽകുന്ന രേഖാമൂല ഉത്തരവ്, transit warrant-പൊലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്ന ക്രിമിനൽ കേസ് പ്രതിയെ വേറൊരു കേസിലേക്കായി ഒരു നിർദിഷ്ട തീയതിക്കകം മറ്റൊരു സ്ഥലത്തുള്ള വിചാരണക്കോടതിയിൽ ഹാജരാക്കാൻ പ്രസ്തുത പൊലീസിന് അനുമതി നൽകിക്കൊണ്ട് ആ കോടതി പുറപ്പെടുവിക്കുന്ന ഉത്തരവ്, warrant of commitment--ഒരു ക്രിമിനൽ കേസ് ഫയലിൽ സ്വീകരിക്കുന്ന മജിസ്ട്രേറ്റ്, പ്രതിക്കെതിരായ കേസ് സെഷൻസ് കോടതിയിൽ വിചാരണചെയ്യേണ്ടതാണെന്ന് ബോധ്യപ്പെട്ട്, ഹാജരാക്കപ്പെട്ടിട്ടുള്ള എല്ലാ രേഖകളും സഹിതം കേസ് ആ കോടതിയിലേക്ക് അയക്കുന്നതിനായി പുറപ്പെടുവിക്കുന്ന ഉത്തരവ്, warrant of execution -വിധി നടത്തൽ ഉത്തരവ്.


കോടതിക്ക് അറസ്റ്റിൽ കഴിയുന്നവർക്ക് ജാമ്യം അനുവദിക്കാവുന്നതാണ്. അറസ്റ്റ് ചെയ്യപ്പെട്ട് കസ്റ്റഡിയിൽ കഴിയുന്ന ഒരാളുടെ, വിചാരണ നേരിടാൻ താൻ കോടതിയിൽ ഹാജരാകുമെന്നതിന് ഉറപ്പായി കോടതി നിർദേശിക്കുന്ന തുകയ്ക്കുള്ള സ്വന്തം ജാമ്യത്തിന്മേലുള്ളതോ അല്ലെങ്കിൽ ഇതിനും പുറമെ ഒന്നോ അതിലധികമോ ആളുകളുടെ ജാമ്യത്തിന്മേലും കൂടിയുള്ളതോ ആയ മോചനമാണ് ജാമ്യത്തിന്മേലുള്ള മോചനം (bailment).

കുറ്റകൃത്യം നടത്തിയ രാജ്യത്തുനിന്ന് രക്ഷപ്പെട്ട കുറ്റവാളി എത്തിച്ചേർന്ന രാജ്യത്തെ ഗവണ്മെന്റ്, അയാളെ കുറ്റവിചാരണയ്ക്കായി രക്ഷപ്പെട്ടുപോന്ന രാജ്യത്തിന്റെ ആവശ്യപ്രകാരം ആ രാജ്യത്തിന് വിട്ടുകൊടുക്കുന്ന നടപടിയാണ് എക്സ്ട്രെഡിഷൻ (etxradition).

പൊലീസിന് നേരിട്ട് അന്വേഷണം നടത്താവുന്ന കേസുകളിൽ പരാതി ബോധിപ്പിക്കേണ്ടത് പൊലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പക്കലാണ്. പരാതി പൊലിസ് ഉദ്യോഗസ്ഥൻ എഴുതിയെടുക്കും. പ്രഥമവിവര പ്രസ്താവന (First Information Statement-FIS) എന്ന് ഇത് അറിയപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് മജിസ്ട്രേറ്റ് കോടതിക്ക് അയക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന റിപ്പോർട്ടാണ് പ്രഥമ വിവര റിപ്പോർട്ട് (First Information Report-FIR).

**(അവലംബം)**

# അഡിനോയിഡ് ഹൈപെർട്രോഫി




Healthy    Adenoid Hypertrophy

**ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി**

മൂക്കിന്റെ ഏറ്റവും പുറകിലായി കാണപ്പെടുന്ന ഒരു ഗ്രന്ഥിയാണ് adenoid. Tonsil പോലെത്തന്നെ മൂക്കിലൂടെയും വായയിലൂടെയും ശരീരത്തിലേക്ക് പ്രവേശിക്കുന്ന രോഗാണുക്കളെ പ്രതിരോധിക്കുകയാണ് adenoidന്റെ ധർമം.

**അഡിനോയിഡ് ഹൈപെർട്രോഫി**

സാധാരണ അഞ്ച് അല്ലെങ്കിൽ ആറു വയസ്സ് കഴിയുമ്പോൾ മുതൽ adenoid ഗ്രന്ഥി ചുരുങ്ങി വരികയും കൗമാരപ്രായത്തിൽ എത്തുന്നതോടെ പൂർണമായി ചുരുങ്ങിപ്പോവുകയും ചെയ്യുകയാണ് പതിവ്. എന്നാൽ ഇത്തരത്തിൽ ചുരുങ്ങിപ്പോകാതിരിക്കുകയും സാധാരണയിൽ കവിഞ്ഞ് വലിപ്പം കൂടിവരികയും ചെയ്യുന്ന അവസ്ഥക്കാണ് adenoid hypertrophy എന്നു പറയുന്നത്.

ബാക്റ്റീരിയൽ / വൈറൽ അണുബാധ കാരണമായും അലർജി സംബന്ധമായും അഡിനോയിഡ് വീക്കം ഉണ്ടാവാറുണ്ട്. Hiv infection, ദഹന സംബന്ധമായ ചില പ്രശ്നങ്ങൾ, പുകവലി പോലുള്ളവ മറ്റു ചില കാരണങ്ങളാണ്. കുട്ടികളിലാണ് സാധാരണ ഈ അവസ്ഥ കാണുന്നതെങ്കിലും അപൂർവമായി മുതിർന്നവരിലും കാണാം.

**ലക്ഷണങ്ങൾ**

മൂക്കിന് ഏറ്റവും പുറകിലായിട്ടാണ് adenoid സ്ഥിതി ചെയ്യുന്നത് എന്ന് പറഞ്ഞല്ലോ. സാധാരണയിൽ നിന്നും വലിപ്പം കൂടിവരുന്നതിന് അനുസരിച്ച് കുട്ടികളിൽ കണ്ടുവരുന്ന ലക്ഷണം ശ്വാസം എടുക്കാനുള്ള തടസ്സമാണ്. ക്രമേണ വായിലൂടെ ശ്വാസം വലിക്കുക, മൂക്ക് അടഞ്ഞതുപോലുള്ള സംസാരം, കൂർക്കം വലി തുടങ്ങിയ ബുദ്ധിമുട്ടുകൾ കണ്ടുവരുന്നു. കൂടാതെ ചുമ, തലവേദന, ചെവിയിൽ അണുബാധ തുടങ്ങിയ ലക്ഷണങ്ങളും കാണുന്നു.

തുടക്കത്തിൽ വേണ്ട ചികിത്സ ലഭിക്കാത്ത കുട്ടികളിൽ പിന്നീട് ഗൗരവതരമായ ബുദ്ധിമുട്ടുകൾ കണ്ടു വരാറുണ്ട്. തുടരെത്തുടരെ ചെവിയിൽ ഉണ്ടാകുന്ന അണുബാധ കേൾവിക്കുറവിനു കാരണമാവുകയും അത് സംസാരത്തെയും പഠനത്തെയും ബാധിക്കുകയും ചെയ്യുന്നു.

മുഖത്തിന്റെ ആകൃതിയിൽ വരുന്ന മാറ്റം മറ്റൊരു സങ്കീർണതയാണ്. ശ്വാസോച്ഛ്വാസത്തിൽ വരുന്ന തടസ്സങ്ങൾ കാരണം ഉറക്കത്തിൽ വരുന്ന തകരാറുകൾ കുട്ടികളിൽ തലച്ചോറിന്റെ വികാസത്തെ സാരമായി ബാധിക്കുന്നു. കൂടാതെ സ്വഭാവവൈകല്യങ്ങൾ, കിടക്കയിൽ മൂത്രമൊഴിക്കൽ, മാനസിക വൈകല്യങ്ങൾ തുടങ്ങിയ ബുദ്ധിമുട്ടുകൾക്കും കാരണമാവുന്നു.

**ചികിത്സ**

വിട്ടുമാറാത്ത ചുമ, മൂക്കടപ്പ്, ചെവിവേദന, കൂർക്കംവലി തുടങ്ങിയ ലക്ഷണങ്ങൾ കാണുമ്പോൾ തന്നെ ഒരു അംഗീകൃത ആരോഗ്യ വിദഗ്ധന്റെ അടുത്ത് ചികിത്സ തേടുക എന്നതാണ് പ്രധാനം.

ശരിയായ പരിശോധനയിലൂടെ കണ്ടുപിടിക്കാവുന്ന ഒരു അവസ്ഥയാണ് adenoid hypertrophy അല്ലെങ്കിൽ adenoiditis. ആവശ്യമെങ്കിൽ മാത്രം x-ray imaging ചെയ്യാവുന്നതാണ്.

കൃത്യമായ രോഗനിർണയവും ശരിയായ ചികിത്സയും ലഭ്യമായാൽ adenoidectomy അഥവാ adenoid ഗ്രന്ഥി നീക്കം ചെയ്യുന്ന സർജറി ഇല്ലാതെ, മരുന്നുകൾകൊണ്ട് അസുഖം മാറ്റിയെടുക്കാൻ സാധിക്കും.

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

വില: ₹280+₹360+₹420=₹1060
ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്: ₹860

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

മൂന്ന് വാല്യങ്ങൾ




# വഹാബി നവോത്ഥാനം
## വിമർശകരും വസ്തുതകളും
ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ


WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
28 JANUARY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANISATION

മാനവ രക്ഷയ്ക്ക്
ദൈവിക ദർശനം

# വിസ്ഡം ഇസ്‌ലാമിക് കോൺഫറൻസ്

2023 ഫെബ്രുവരി
12
ഞായർ
4.00 PM

## കോഴിക്കോട്
## കടപ്പുറം

LIVE STREAMING
wisdomglobaltv
wisdomyouth

WISDOM ISLAMIC ORGANIZATION
C.V.COMPLEX, P.V.SWAMI ROAD,
KOZHIKODE - 673 002. PH: 0495 4019437